കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# വെമ്പായം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-2018**

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail:lfadtvm@yahoo.in**
**dotvm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ.റ്റി.വി.എം.ജി.പി.6/190/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
**e-mail : lfadtvm@yahoo.in**
തീയതി : 10.4.2019

ഡെപ്യൂട്ടി ഡയറക്ടർ

സെക്രട്ടറി,
വെമ്പായം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെമ്പായം ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.**6/190/19**

തീയതി**: 10.4.2019**

<u>തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ **2017-18**സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.08.17മുതൽ 19.01.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിന് ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. സാജൻലാൽ എസ്.ജെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21.01.2019 മുതൽ 30 .01.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ശ്രീജ.കെ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീമതി.സീന .കെ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.രേഖ. സി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.സഫീർ അഹമ്മദ് അബ്ദുൽ റൗഫ്, ഓഡിറ്റർ |
| | | ശ്രീമതി.കല.പി, ഓഡിറ്റർ |

**(ബി)** <u>നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.ബി.എസ്.ചിത്രലേഖ<br>(01.04.2017 മുതൽ 29.08.2017 വരെ)<br>ശ്രീമതി.ഷീലജ.എസ്<br>(30.08.2017 മുതൽ 31.03.2018 വരെ) |
| സെക്രട്ടറി | ശ്രീ.എ.തങ്കപ്പൻ<br>(01.04.2017 മുതൽ 31.03.2018വരെ) |
| നിർവ്വഹണ ഉദ്യോഗസ്ഥർ | |

| ഉദ്യോഗപ്പേര് | പേര്- കാലയളവ് |
|---|---|
| സെക്രട്ടറി | ശ്രീ.എ.തങ്കപ്പൻ (01.04.2017 മുതൽ 31.03.2018വരെ) |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സജുകുമാർ (01.04.2017 മുതൽ 19.06.2017 വരെ) |
| | ശ്രീമതി.വീണ ബാബു 20.06.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സരോജദേവി, 1.4.2017 മുതൽ 30.4.2017വരെ |
| | ശ്രീമതി രശ്മി.പി.എസ്, 1.5.2017 മുതൽ 11.8.2017വരെ |
| | ശ്രീമതി.രമാദേവി, 12.8.2017 മുതൽ 8.10.2017 വരെ |
| | ശ്രീ.മനമോഹൻ.എസ്, 9.10.2017 മുതൽ 19.10.2017വരെ |
| | ശ്രീമതി.ഡീന സുഷീൽ 20.10.2017 മുതൽ 22.10.2017 വരെ |
| | ശ്രീമതി.ജയകുമാരി.എൽ 23.10.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ (സർക്കിൾ എ) | ശ്രീമതി.ചിത്ര.കെ.ആർ 1.04.2017 മുതൽ31.03.2018 വരെ |
| വി.ഇ.ഒ (സർക്കിൾ ബി) | ശ്രീമതി.സഫീന.എസ്. (01.06.2017 മുതൽ 31.03.2018 വരെ) |
| എച്ച്.എം | ശ്രീമതി.വിമല ദേവി.റ്റി (01.04.2017 മുതൽ 30.06.2017 വരെ |
| | ശ്രീ.ഷറഫുദ്ദീൻ.ഇ, 01.07.2017 മുതൽ 31.03.2018 വരെ) |
| വെറ്ററിനറി സർജൻ | ഡോ.ബോബി.എസ്.മാന്വൽ (01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ. | ശ്രീ.രഞ്ജിത് രാജ്.കെ (01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ലക്ഷ്മി പ്രിയ.വി.എസ്. (01.04.2017 മുതൽ 31.03.2018 വരെ) |

| | |
|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷൈലി.എസ്.രാജ് (01.04.2017 മുതൽ 31.03.2018 വരെ) |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി ) | ഡോ.നിഷ.എം (01.04.2017 മുതൽ 31.03.2018 വരെ) |
| ഐ.സി.ഡി.എസ് | ശ്രീമതി.ശോഭനകുമാരി (01.04.2017 മുതൽ 31.03.2018വരെ) |

<u>ഉള്ളടക്കം</u>


| ക്രമ നം | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| | <u>**ഭാഗം 1**</u> | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക നില | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| **ഭാഗം 2** | | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 | |
| 14 | ഡി &ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ | 2-2 | |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-3 | |
| **ഭാഗം 3** | | | |
| 16 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-1 | |

| | | | |
|---|---|---|---|
| 17 | പ്രൊക്വയർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമല്ല. | 3-2 | |
| 18 | പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഏറ്റവും കുറഞ്ഞ നിരക്ക് അവഗണിച്ചു. | 3-3 | |
| 19 | റോഡ് പ്രവൃത്തികളിൽ സർക്കാർ ഉത്തരവിനു വിരുദ്ധമായി WBM സബ് ബേസ് കോഴ്സ് ചെയ്തു-അധിക തുക 148832/- നൽകിയത് നിരാകരിക്കുന്നു | 3-4 | |
| 20 | Interlocking concrete block pavement പ്രവൃത്തിയിൽ അധികച്ചെലവ്, ബേം കോൺക്രീറ്റ് ചെയ്തിട്ടില്ല. | 3-5 | |
| 21 | റോഡ് പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് എം ബാങ്ക് മെന്റിന് ഉപയോഗിക്കാത്തതു മൂലം അധികച്ചെലവ്- 8060/- രൂപ നിരാകരിക്കുന്നു. | 3-6 | |
| 22 | കരാർ വ്യവസ്ഥ യിലെ സമയക്രമം പാലിച്ചില്ല- പിഴ ഈടാക്കിയിട്ടില്ല. 14,166/- രൂപ ഈടാക്കേണ്ടതാണ്. | 3-7 | |
| 23 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല 1,80,823/-രൂപ തടസ്സപ്പെടുത്തുന്നു | 3-8 | |
| 24 | പ്രോജക്ട് ഫോറത്തിൽ ആസ്തി യുണീക്ക് നമ്പർ രേഖപ്പെടുത്താതെ പ്രോജക്ടുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നു. | 3-9 | |
| 25 | മുട്ടക്കോഴി വിതരണം - തുക ചെലവഴിച്ചതിന്റെയും പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയും രേഖകൾ ലഭ്യമല്ല – | 3-10 | |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - ഒരേ ഗുണഭോക്താക്കൾക്ക് 2 പ്രാവശ്യം സബ്സിഡി തുക നൽകി - 75,000/- നിരാകരിക്കുന്നു | 3-11 | |
| 27 | പദ്ധതി നടത്തിപ്പിലും വിതരണത്തിലും അപാകത – 5,36,494/- രൂപ തടസ്സപ്പെടുത്തുന്നു | 3-12 | |
| 28 | മേൽക്കൂര നിർമ്മാണംSC – അവശ്യ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല | 3-13 | |
| 29 | ജാഗ്രത സമിതി രൂപീകരിച്ചിട്ടില്ല | 3-14 | |
| 30 | എസ്.സി കുട്ടികൾക്ക് ലാപ്പ്ടോപ്പ് വിതരണം -സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-15 | |

| | | | |
|---|---|---|---|
| 31 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-16 | |
| 32 | പദ്ധതി ആസൂത്രണത്തിലെ അപാകത - ഉൽപാദനപരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചു | 3-17 | |
| 33 | പഠനസൗഹൃദക്കൂട്ടം - പദ്ധതി നടത്തിപ്പിന്റെയും പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയും രേഖകളില്ല - 25,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-18 | |
| 34 | പ്ലാസ്റ്റിക് മാലിന്യ ശേഖരണം പദ്ധതി ലക്ഷ്യം കണ്ടില്ല – 69,150/- രൂപ നിരാകരിക്കുന്നു. | 3-19 | |
| ഭാഗം **4** | | | |
| 35 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 38 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.3.2017ലെ 01-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 27,27,10,151/- രൂപ വരവും 24,97,99,800/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് മുന്നിരിപ്പുൾപ്പെടെ 12,71,99,842/- രൂപയും ചെലവ് 2,36,67,149/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 30.05.2018 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | ഓഡിറ്റ് തീയതി | റിപ്പോർട്ട് നമ്പർ |
|---|---|---|
| 2017-18 | 18.6.2018 മുതൽ 22.6.2018 വരെ | കെ.എസ്.ഇ.റ്റി.വി.എം. ജി.പി.6/1554/2018 തീയതി 8.8.2018 |

## 1-4 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 33880735.00 |
| വരവ് | 93319107.00 |
| ആകെ | 127199842.00 |
| ചെലവ് | 23667149.00 |
| നീക്കീയിരിപ്പ് | 103532693.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് ജനറൽ | 0 | 20118419 | 20118419 | 20118419 | 0 |
| വി.ഫണ്ട് എസ്.സി.പി | 0 | 5405216 | 5405216 | 5405216 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 17454784 | 17454784 | 17454784 | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 5160368 | 5160368 | 5160368 | 0 |
| സെന്റട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 8903030 | 8903030 | 8903030 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 4188438 | 4188438 | 4188438 | 0 |
| എസ്.ബി.റ്റി ഓൺ ലൈൻ | 0 | 26652 | 26652 | **0** | 26652 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 15229314 | 13045055 | 28274369 | 27645308 | 629061 |
| എസ്.ബി.റ്റി ഡിസ്ട്രസ് റിലീഫ് ഫണ്ട് | 3721 | 139 | 3860 | 0 | 3860 |
| എം.എൻ.ആർ.ഇ.ജി.എസ് | 1443 | 1102791 | 1104234 | 1103295 | 939 |
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | 0 | 2841330 | 2841330 | 3741330 | -900000 |
| ബി ഫണ്ട് | 0 | 362130 | 362130 | 362130 | 0 |

| | | | | | |
|---|---|---|---|---|---|
| ഡി.സി.ബി (തനത് ഫണ്ട്) | 18531394 | 14371511 | 32902905 | 9337012 | 23565893 |
| എസ്.സി.ബി (തനത് ഫണ്ട്) | 1500 | 0 | 1500 | 0 | 1500 |

## 1-6 പദ്ധതി അവവോകനം

2017-18 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച പദ്ധതികളും അവ നടപ്പിലാക്കിയതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണോ ദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് | പദ്ധതി ചെലവ് | ഭാഗീക മായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 10 | 2503820 | 2 | 1738003 | 7 | 1 | 90 |
| 2 | വെറ്ററിനറി സർജൻ | 9 | 4267000 | 2 | 2530880 | 5 | 2 | 78 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 10 | 2765000 | 3 | 2471636 | 6 | 1 | 90 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 410000 | 1 | 409840 | 1 | - | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദ) | 1 | 1200000 | 1 | 1200000 | - | - | 100 |
| 6 | വി.ഇ.ഒ | 9 | 9385500 | 2 | 6252500 | 5 | 2 | 78 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5500200 | 1 | 5009681 | 4 | 1 | 83 |
| 8 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 3309800 | 1 | 2290000 | 1 | - | 50 |
| 9 | സെക്രട്ടറി | 28 | 12787900 | 4 | 9267434 | 15 | 9 | 68 |
| 10 | ഹെഡ് മാസ്റ്റർ | 13 | 4934843 | 3 | 3450730 | 9 | 1 | 92 |
| 11 | അസി.എഞ്ചിനീയർ | 119 | 55180670 | 14 | 32274054 | 56 | 49 | 59 |
| 12 | അസി.സെക്രട്ടറി | 6 | 1395000 | 2 | 1001385 | 4 | - | 100 |
| | ആകെ | 215 | 103639733 | 36 | 67896143 | 113 | 66 | 69 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1443.20 | 1102791 | 1104234.2 | 1103294.75 | 939.45 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 21424612 | 21424612 | 21424612 | |
| ആകെ | 1443.20 | 22527403 | 22528846.2 | 22527906.75 | 939.45 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 8071400 | 657 |
| തൊഴിൽരഹിത വേതനം | 290880 | 494 |
| വിധവാ പെൻഷൻ | 21823400 | 1886 |
| വികലാംഗ പെൻഷൻ | 5962500 | 518 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 422300 | 40 |
| വാർദ്ധക്യ പെൻഷൻ | 39708800 | 3239 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.01.2019 രാവിലെ 10.30 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 10,355 /- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

**(i)** ആഭ്യന്തര നിയന്ത്രണം

വെമ്പായം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പിൽ ജാഗ്രത പുലർത്തേണ്ടതുണ്ട്.

- ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി ഡി & ഒ ലൈസൻസ് കൃത്യമായി ഈടാക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു.
- വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ മറ്റു നികുതിയിനങ്ങളിലെ വരവുകൾ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യതക്കുറവ് എന്നിവ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

*സാമ്പത്തിക ഇടപാടുകൾ*

- വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിട്ടർ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഖ. 2- 1 കാണുക
- വസ്തു നികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല.

*ആസ്തി സൂക്ഷിപ്പിലെ അപാകങ്ങൾ*

- പഞ്ചായത്തിലെ ആസ്തികൾ വർഷം തോറും ഭൗതികമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല
- ജി ഒ (എം എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

പദ്ധതി രൂപീകരണവും നടത്തിപ്പും

- വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

- ആസൂത്രണസമിതി വർക്കിങ്ങ് ഗ്രൂപ്പിന്റെ രൂപീകരണ, വികസന സെമിനാർ, വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല.
- വർക്കിങ്ങ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല..ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല.
- സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല.
- ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്.
- സർക്കാർ മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണമായും പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ii)** പൊതുഭരണം

29.01.15ലെ ജി.ഒ.എം.എസ്.18/2015ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഗുണമേന്മയുള്ളതാക്കാൻ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാൻ ഒരു പരിധി വരെ ശ്രമിച്ചിട്ടുണ്ട്. ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ ഓഫീസ് ക്രമീകരിക്കുകയും, പരാതികൾക്ക് ഇടനൽകാതെ സേവന കൗണ്ടർ പ്രവർത്തിക്കുന്നുമുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2019 | 10/18 മുതൽ 12/18 വരെ | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.15 മുതൽ 04.07.2015 വരെ | 2015-16 | 13.08.2015 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

എം.എൻ.ആർ.ഇ.ജി.എസ്. വരവ്/ചെലവ് പത്രികയും എ.എഫ്.എസും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്ത് ഓഡിറ്റിനായി സമർപ്പിച്ച രേഖകളിൽ എം.എൻ.ആർ.ഇ.ജി.എസ്-ന്റെ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയുടെ വരവ് 2,23,13,000/- രൂപയും ചെലവ് 2,22,67,000/- രൂപയും നീക്കിയിരിപ്പ് 46,000/- രൂപയുമാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക പ്രകാരം (I-6) 2,25,27,403/- രൂപയാണ് കാണിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.22നുള്ള മറുപടിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽ ഇനത്തിൽ ചെലവായ തുകയുടെ ഫസ്റ്റ് സിഗ്നേച്ചർ 2017-18 സാമ്പത്തിക വർഷം നൽകിയതിനാലും ആധാർ ബെയ്സ്ഡ് പേമെന്റ് ആയതിനാൽ ക്രെഡിറ്റ് ചെയ്യുന്ന തുക റിജക്ഷനായി വരുന്നതിനാലുമാണ് ഈ വ്യത്യാസമെന്നും അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരവും സർക്കാർ അതതു സമയം

പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരവും ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു. (അവലംബം – ഓഡിറ്റ് എൻക്വയറി നം. 11ന്റെ മറുപടി)

| ക്രമ നം | ഇനം | സ്വീകരിക്കേണ്ട നടപടിക്രമം | ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 4.12.16-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ഘടകസ്ഥാപനമേധാവികൾക്കും കത്ത് നൽകിയിട്ടുണ്ട്. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | 21.2.2017-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ബജറ്റ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുള്ളതും നൽകാത്ത ഘടക സ്ഥാപന മേധാവികൾക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ട്. |
| 3 | ക്രോഢീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ബജറ്റ് നിർദ്ദേശങ്ങളുടെ ക്രോഢീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേർന്നിട്ടുണ്ട്. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഢീകരണം | ഫെബ്രുവരി 1-ന് മുൻപ് | പ്രൊപ്പോസലുകൾ ഉൾപ്പെടുത്തി ക്രോഢീകരണം നടത്തിയിട്ടുണ്ട്. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 27.2.17 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 27.2.17 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 29.3.17 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 30.03.17 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടക സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടതിന്റെയും 2017- 2018 സാമ്പത്തിക വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ശുപാർശ സമർപ്പിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. എല്ലാ ഘടകസ്ഥാപനങ്ങളുടെയും ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയാണോ ബജറ്റ് തയ്യാറാക്കിയതെന്ന് വിലയിരുത്താൻ കഴിഞ്ഞില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിക്കേണ്ടി വന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലയും–മറ്റ് വിളകൾ | 2501002 | 150000 | 1207396 |
| 2 | കാർഷിക വികസന പരിപാടികൾ | 2501003 | nil | 21080 |
| 3 | കൃഷിയും അനുബന്ധ മേഖലയും-ക്ഷീര വികസനം | 2501005 | nil | 700000 |
| 4 | മൃഗസംരക്ഷണം-മുട്ടക്കോഴി/താറാവ് വളർത്തൽ | 2501035 | 500000 | 983000 |
| 5 | മൃഗസംരക്ഷണം- പശ്ചാത്തല സൗകര്യം | 2501039 | 500000 | 514600 |
| 6 | സേവന സംരംഭങ്ങൾ | 2503015 | nil | 230000 |
| 7 | പ്രൈമറി വിദ്യാഭ്യാസം | 2511002 | nil | 24961 |
| 8 | റോഡുകൾ | 2522001 | 1000000 | 10282267 |

പഞ്ചായത്ത് രാജ് നിയമത്തിലെ 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ യാഥാർത്ഥ്യം കണക്കിലെടുക്കാതെയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൗണ്ട് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 1301001 | 500000 | 148740 |
| 2 | ലൈസൻസ് ഫീസ് | 1401101 | 100000 | 138035 |
| 3 | രജിസ്ട്രേഷൻ ഫീസ് | 1401001 | 50000 | 30600 |
| 4 | ഫാറം വില | 1501101 | 300000 | 118865 |
| 5 | ഉൽപ്പന്നങ്ങളുടെ വില | 1501001 | 60000 | 2610 |

ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കപ്പെടുന്ന, പഞ്ചായത്തിന്റെ ധനാഗമ വിനിയോഗം സംബന്ധിച്ച സുപ്രധാനരേഖയാണ് ബജറ്റ്. ഓരോ മാസവും അക്കൗണ്ട്സ് പരിശോധിക്കുകയും വരവുചെലവു കണക്കുകൾ ബജറ്റിന് അനുസൃതമാണോ എന്നും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്. ബജറ്റിൽ പ്രതീക്ഷിച്ച ഓരോ വരവും പൂർണ്ണമായി സമാഹരിക്കുന്നതിനും ബജറ്റിൽ ഉൾപ്പെടുത്തിയ അളവിൽ ചെലവു നിയന്ത്രിച്ചു നിർത്തുന്നതിനും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 2-2 ഡി &ഒ ലൈസൻസ് നൽകിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകളിൽ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ്, എച്ച്.ഐ-യുടെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അഭാവത്തിൽ ലൈസൻസ് നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷകളിൽ വിറ്റുവരവ് രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

ആവശ്യമായ രേഖകൾ ഹാജരാക്കാതെ ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്. അപ്രകാരം ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമയുടെ പേര്/ സ്ഥാപനം | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | 334 | ഷിബു .എസ് | .5HP യുടെ തുക ഈടാക്കിയിട്ടില്ല |
| 2 | VP IX/194 | മോഹൻകുമാർ | 2HP യുടെ തുക ഈടാക്കിയിട്ടില്ല |
| 3 | XI/798 | കെ.കെ.റൈസ് മിൽ | 10HP യുടെ തുക ഈടാക്കിയിട്ടില്ല |
| 4 | 6/28,29 | ASMI International Pvt. Ltd | 1.5 HP യുടെ തുക ഈടാക്കിയിട്ടില്ല |
| 5 | VP/47 | അൻസി ഫർണിച്ചർ | 3 HP യുടെ തുക ഈടാക്കിയിട്ടില്ല |
| 6 | 289/15 | വെൽഡിംഗ് വർക്ക് ഷോപ്പ് | 4 HP യുടെ തുക ഈടാക്കിയിട്ടില്ല |
| 7 | 670/XIV | സാരംഗ് ഫ്യൂവൽസ് | D & O കണക്കാക്കിയത് തെറ്റായിട്ടാണ്. 4 HP യുടെ തുക ഈടാക്കിയിട്ടില്ല |
| 8 | VP/ VII/818,819 | ജി.കെ.സ്റ്റോഴ്സ് | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |
| 9 | 76/ XIV | ശ്രീശൈലം എന്റർപ്രൈസ് | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. |
| 10 | 379/A | ദേവ നന്ദാസ് സീമെൻ | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഇല്ല |

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 277 സ്ഥാപനങ്ങളാണ് രജിസ്റ്ററിൽ കാണുന്നത്. എന്നാൽ ലൈസൻസ് നൽകിയിരിക്കുന്നത് 310 സ്ഥാപനങ്ങൾക്കാണ്.

ഇവ രണ്ടും പരസ്പരം പൊരുത്തപ്പെടുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയമായിരിക്കുമെന്നിരിക്കെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ | സ്ഥാപനത്തിന്റെ പേര് | പേര്, തസ്തിക | അർദ്ധ | തുക | ആകെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| നം | | | വാർഷികം | | |
| 1. | നെടുമങ്ങാട് കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക്. | സന്ധ്യ ആർ നായർ, മാനേജർ | രണ്ടാം അർദ്ധ വർഷം | 1250/- | 2500/- |
| | | സുനിതകുമാരി. ബി, സീനി. ക്ളാർക്ക് | | 1250/- | |
| 2. | Y M C A വേറ്റിനാട്. | ജി.എസ് ഉഷാകുമാരി | ഒന്നാം അർദ്ധ വർഷം | 600/- | 1800/- |
| | | ഷറഫുദ്ദീൻ | | 450/- | |
| | | ആർ.രാജൻ | | 450/- | |
| | | ശരണ്യ | | 300/- | |
| 3 | AL FALAH | രാജേഷ് | ഒന്നാം അർദ്ധ വർഷം | 300/- | 1680/- |
| | | ആദർശ് | | 180/- | |
| | | ഹരീഷ് | | 180/- | |
| | | അമൽ | | 180/- | |
| | | സുജിത്ത് | | 180/- | |
| | | ജിത്തു | | 180/- | |
| | | നൃമാൻ | | 180/- | |
| | | ഭാനു | | 180/- | |
| | | അർജ്ജുൻ | | 120/- | |
| 4 | മൂത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ് ലിമിറ്റഡ് | മനീഷ് കുമാർ M A | രണ്ടാം അർദ്ധ വർഷം | 450/- | 450/- |
| 5 | K S E B കന്യാകുളങ്ങര. | വിശാഖ് വിജയൻ, അസിസ്റ്റന്റ് എൻജിനീയർ | രണ്ടാം അർദ്ധ വർഷം | 1250/- | 10000/- |
| | | പ്രദീപ്കുമാർ എസ്, E W | | 1250/- | |
| | | ഹരിഹരൻ എസ്എസ്, E W | | 1250/- | |
| | | അജിത്ത്കുമാർ ആർ, E W | | 1250/- | |
| | | അഷറഫ് അലി , E W | | 1250/- | |
| | | സിയാദ്ഖാൻ, E W | | 1250/- | |
| | | സാബു കെ ബി എസ്, E W | | 1250/- | |
| | | രാധാകൃഷ്ണൻ നായർ E W | | 1250/- | |
| 6 | സെന്റ് തോമസ് എൽ പി എസ്. പോത്തൻകോട്. | ജിജി മോഹൻ (പിപിറ്റി) | രണ്ടാം അർദ്ധ വർഷം | 300/- | 2670/- |
| | | ലാലി.വി (പിപിറ്റി) | | 300/- | |
| | | സിന്ധു.എസ് (പിപിറ്റി) | | 300/- | |
| | | ദീപ (എൽ.പി.എസ്.എ) | | 300/- | |

| | | | | | |
|---|---|---|---|---|---|
| | | ബീന (ഹെൽപ്പർ) | | 300/ | |
| | | മോഹനൻ (ഡ്രൈവർ) | | 450/- | |
| | | സലിം പി (ഹെൽപ്പർ) | | 180/- | |
| | | അനസ് (ഹെൽപ്പർ) | | 180/- | |
| | | നോബിൾ (ഹെൽപ്പർ) | | 180/- | |
| | | ജോയ് ഡി.കെ. (ഹെൽപ്പർ) | | 180/- | |
| 7 | ഹോളി ക്രോസ് ഇംഗ്ളിഷ് മീഡിയം സ്കൂൾ | ലേഖ കെ ബി, | രണ്ടാം അർദ്ധ വർഷം | 300/- | 480/- |
| | | ജെസി തോമസ് | | 180/- | |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകം ഉണ്ടാകാതിരിക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0012/18 |
| പേര് | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 3,20,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 2,81,895/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | ധനകാര്യം |

**(എ)** ഈ പദ്ധതി പ്രകാരം സ്ട്രീറ്റ്ലൈറ്റ് അറ്റകുറ്റപ്പണികൾക്കായി ത്രിവേണി സ്റ്റോറിൽ (കെ.എസ്.സി.സി.എഫ് ലിമിറ്റഡ്) നിന്നും ഇൻവോയ്സ് ലഭ്യമാക്കി ഉപകരണങ്ങൾ വാങ്ങി. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

**(1)** സ.ഉ(സാധാ) 3299/2016/തസ്വഭവ തീ.02.12.2016 പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്ന് വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അല്ലാത്തവ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്. എന്നാൽ ഈ പ്രോജക്ട് പ്രകാരം വാങ്ങിയ സാധനങ്ങൾ ത്രിവേണി നിർമ്മിക്കുന്നവയല്ല. ഇത്തരത്തിൽ ടെണ്ടർ കൂടാതെ മേൽപ്പറഞ്ഞ സാധനങ്ങൾ വാങ്ങിയത് മേൽ ഉത്തരവിന് വിരുദ്ധമാണ്.

**(2)** പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ ഈ പ്രോജക്ട് പ്രകാരമുള്ള സാധനങ്ങൾ സമാഹരിക്കുന്നത് സംബന്ധമായി യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇതിനാൽ വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയോ എന്ന് വ്യക്തമല്ല.

ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ മേൽനോട്ടം ഉറപ്പ്വരുത്തേണ്ടതാണ്.

**(ബി) തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല.**

പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപെട്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

**(1)** തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ തിരിച്ചുള്ള ആസ്തി രജിസ്റ്റർ പഞ്ചായത്ത് പരിപാലിക്കുന്നില്ല. ഇത് മൂലം പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ വിവരങ്ങൾ കൃത്യമായി ലഭ്യമല്ല.

**(2)** കെ.എസ്.ഇ.ബിയുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി 24ന് കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ അസൗകര്യം മൂലമാണ് ഇത് നടത്താത്തതെന്ന് മറുപടി ലഭ്യമാക്കി. സംയുക്ത പരിശോധനയുടെ അഭാവത്തിൽ പഞ്ചായത്തിലെ തെരുവ് വിളക്കുകളടെ കൃത്യമായ കണക്ക് ലഭ്യമാകുന്നില്ല.

**(3)** കേടായ സാധനങ്ങളുടെ വിവരം അതാത് ദിവസം രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കണം. ഈ രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിക്കുന്നില്ല.

**(4)** സാമ്പത്തിക വർഷാവസാനം തെരുവ് വിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തിയതായി സെക്രട്ടറി ഉറപ്പ വരുത്തണം. എന്നാൽ വെമ്പായം ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ ഇത്തരത്തിൽ പൊരുത്തപ്പെടുത്തിയിട്ടില്ല. ഇത് മൂലം അറ്റകുറ്റപ്പണികൾക്കായി ഉപയോഗിച്ച ഉപകരണങ്ങളുടെ കണക്കിന് കൃത്യത ലഭിക്കുന്നില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഊർജ്ജം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് എന്നിവർ കൈക്കൊള്ളേണ്ടതാണ്.

## 3-2 പ്രൊക്വയർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമല്ല.

പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചതിൽ ഈ പഞ്ചായത്തിലെ 2017-18 സാമ്പത്തിക വർഷത്തെ സാധനങ്ങൾ/ സേവനങ്ങൾ സമാഹരിക്കുവാനുള്ള പ്രോജക്ടുകളെ സംബന്ധിച്ച് ഒരു പ്രോജക്ടിനെപ്പറ്റിയൊഴികെ (പ്രോജക്ട് 14/17-18) യാതൊരു തീരുമാനവും രേഖപ്പെടുത്തിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ അനവധി പ്രൊക്വയർമെന്റ് പദ്ധതികൾ നടപ്പിലാക്കിയിട്ടും ഇവയൊന്നും തന്നെ പ്രൊക്വയർമെന്റ് കമ്മിറ്റി പരിശോധിച്ചതായി കാണുന്നില്ല. തദ്ദേശസ്വംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങൾ സമാഹരിക്കാനുള്ള മാർഗ്ഗരേഖ പ്രകാരം (ജി.ഒ(പി) 259/2010 തസ്വഭവ തീ.08.11.2010) വാങ്ങൽ സംബന്ധമായ രേഖകൾ

സൂക്ഷ്മപരിശോധന നടത്തി ഉചിതമായ തീരുമാനമെടുത്ത് ശുപാർശ നൽകേണ്ടത് പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ ചുമതലയാണ്. വെമ്പായം ഗ്രാമപഞ്ചായത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റി നിലവിലുണ്ടായിട്ടും 2017-18 ൽ കമ്മിറ്റി ചുമതലകളിൽ വീഴ്ച വരുത്തി. ഇതിനാൽ വാങ്ങിയ സാധനങ്ങളുടെ ഗുണനിലവാരം, വിലയുടെ യുക്തി എത്തരത്തിൽ ഉറപ്പുവരുത്തിയെന്ന് വ്യക്തമല്ല.

പഞ്ചായത്തിലെ സേവനങ്ങളും സാധനങ്ങളും സമാഹരിക്കലിന് മേൽനോട്ടം വഹിക്കേണ്ട ചുമതല നിർവ്വഹിക്കാൻ പ്രൊക്വയർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. കഴിവതും സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ കമ്മിറ്റി യോഗം ചേരേണ്ടതാണ്.

## 3-3 പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഏറ്റവും കുറഞ്ഞ നിരക്ക് അവഗണിച്ചു.

പ്രോജക്ട് നമ്പർ : S0014/18
പേര് : പഞ്ചായത്ത് ആഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
അടങ്കൽ : 480000/-
ചെലവ് : 458000/-
ഫണ്ട് : വികസന ഫണ്ട് - ജനറൽ (400000/- രൂപ)
തനത് ഫണ്ട് (80000/-)
നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി
സ്റ്റാന്റിങ്ങ് കമ്മിറ്റി : ധനകാര്യം

പദ്ധതിക്കായി ലഭിച്ച ടെണ്ടറുകളിൽ നിന്നും ടൈടെക് ട്രേഡേർസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആണ് അംഗീകരിച്ചത്. എന്നാൽ താഴെപ്പറയുന്ന സാധനങ്ങൾക്ക് ടൈടെക് ട്രേഡേർസ് നൽകിയ ടെണ്ടറിനെക്കാൾ കുറഞ്ഞ നിരക്കുകളാണ് ടെണ്ടറിൽ പങ്കെടുത്ത അഡ്കോം സിസ്റ്റംസ് എന്ന സ്ഥാപനം ക്വോട്ട് ചെയ്തിരിക്കുന്നത്.

| സാധനം | ടൈടെക് ട്രേഡേർസ് ക്വോട്ട് ചെയ്ത യൂണിറ്റ് വില | അഡ്കോം സിസ്റ്റംസ് ക്വോട്ട് ചെയ്ത യൂണിറ്റ് വില |
|---|---|---|
| ഡോട്ട് മാട്രിക്സ് പ്രിന്റർ (എൽക്യൂ 310) | 16000 | 11300 |
| ഡ്യൂപ്ലക്സ് പ്രിന്റർ | 19000 | 15950 |
| ടോക്കൺ മെഷീൻ | 30000 | 26000 |

ഈ സാധനങ്ങൾ അഡ്കോം സിസ്റ്റംസിൽ നിന്നും വാങ്ങാതെ ടൈടെക് ട്രേഡേർസിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി 16 നുള്ള മറുപടിയിൽ ടൈടെക് ട്രേഡേർസ് കൂടുതൽ വാറണ്ടി കാലാവധി ഓഫർ ചെയ്തെന്നും ഡ്യൂപ്ലക്സ് പ്രിന്ററിന് പകരം മൾട്ടി ഫങ്ഷൻ പ്രിന്ററാണ് പർച്ചേസ് ചെയ്തതെന്നും എന്ന് വിശദീകരിക്കുന്നു. 14.09.2017 ന് കൂടിയ പ്രൊക്വയർമെന്റ് കമ്മിറ്റിയും ഈ തീരുമാനം അംഗീകരിച്ചു.

എന്നാൽ അഡ്കോം ക്വോട്ട് ചെയ്ത നിരക്കിന്റെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ സാധനങ്ങൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുവാൻ ടൈടെക് ട്രേഡേർസുമായി നെഗോസിയേഷൻ നടത്തിയിട്ടില്ല. മാത്രമല്ല, ടൈടെക് വാഗ്ദാനം ചെയ്ത ഉയർന്ന വാറണ്ടി കാലാവധി നൽകുവാൻ അഡ്കോം സിസ്റ്റംസിനോടും ആവശ്യപ്പെട്ടിട്ടില്ല. ദർഘാസ് പരസ്യത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത് ഡ്യൂപ്ലക്സ് പ്രിന്ററാണെന്നതിനാൽ ഇതിന് പകരം ഉയർന്ന വിലയുള്ള

മൾട്ടിപർപ്പസ് പ്രിന്റർ വാങ്ങിയത് ന്യായീകരിക്കാവുന്നതല്ല. ഈ നടപടികൾ മൂലം സാധനങ്ങൾ ഉയർന്ന വിലയ്ക്കാണ് പഞ്ചായത്തിന് സമാഹരിക്കേണ്ടി വന്നിരിക്കുന്നത്.

ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ സ്പെസിഫിക്കേഷനനുസരിച്ച് മാത്രമാണ് സാധനങ്ങൾ വാങ്ങുന്നതെന്നും നെഗോസിയേഷൻ വഴി പരമാവധി കുറഞ്ഞ നിരക്ക് കണ്ടെത്തിയാണ് സാധനങ്ങൾ സമാഹരിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ, പ്രൊക്വയർമെന്റ് കമ്മിറ്റി, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-4 റോഡ് പ്രവൃത്തികൾ സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെയ്തു

Finance (Inspection wing-Technical) വകുപ്പിന്റെ സർക്കുലർ നമ്പർ 16/2016/Fin തീയതി 20/7/16, ചീഫ് എൻജിനീയർ (LSGD)യുടെ10.8.16ലെDB3/6512/2013/CE/LSGDനമ്പർ സർക്കുലർ എന്നിവ പ്രകാരം റോഡ് പ്രവൃത്തികളിൽ സബ് ബേസ്/ബേസ് കോഴ്സ് ചെയ്യുമ്പോൾ കൂടിയ നിരക്കിലുള്ള സ്പെസിഫിക്കേഷനിലുള്ള Water bound macadam(WBM) ഒഴിവാക്കി കൂടുതൽ ഗുണനിലവാരവും ഉറപ്പുമുള്ളതും എന്നാൽ താരതമ്യേന നിരക്ക് കുറഞ്ഞതുമായ സ്പെസിഫിക്കേഷനിലുള്ള Wet Mix macadam (WMM) ഉപയോഗിച്ച് പ്രവൃത്തി ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

താഴെ സൂചിപ്പിച്ചിട്ടുള്ള പ്രവൃത്തികളിൽ ഇതിനു വിരുദ്ധമായി പ്രവൃത്തി ചെയ്തിട്ടുള്ളതായി കാണുന്നു

**1.**

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | 34/18(SO) |
| പേര് | : | കല്ലച്ചിറ വിളയിൽ ഇടുക്കുംതല റോഡ് സെക്കന്റ് മെറ്റലിംഗ്, ടാറിംങ്ങ് |
| അടങ്കൽ | : | 725000 |
| ചെലവ് | : | 724191 |
| ബിൽ നമ്പർ /തീയതി | : | 34/18/14.07.2017 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| എം.ബുക്ക് നമ്പർ | : | 13/17-18 |
| T.S നമ്പർ | : | 7402/2016-17 |

എസ്റ്റിമേറ്റ് ഇനം-1ആയി DSR-16 (C.I-46.67) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 13/17-18 പേജ് നമ്പർ 9പ്രകാരം WBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധംഅനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| അനുവദിച്ചത് - 62.775$m^3$@3615.5009 / $m^3$ ( എം.ബുക്ക് പേജ് നം. 25) | = 226963.06/-രൂപ |

| | |
|---|---|
| അനുവദിക്കാവുന്നത് - 62.775$m^3$ @3205.25/$m^3$ | =201209.56/- രൂപ |
| അധികം അനുവദിച്ചത് | = 25753.50 /-രൂപ |

**2.**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 195/17-18, |
| പേര് | : | മൂഴിനട കൊല്ലംവിളാകം<br>വാഴാട്ട് റോഡ് സെക്കന്റ് മെറ്റലിംങ്ങ്, ടാറിംഗ് |
| അടങ്കൽ | : | 813747/- |
| ചെലവ് | : | 813747/- |
| ബിൽ നമ്പർ /തീയതി | : | 195/17-18 തീയതി 12.02.2018 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| എം.ബുക്ക് നമ്പർ | : | 316/17-18 |
| T.S നമ്പർ | : | 9063/17-18 |

എസ്റ്റിമേറ്റ് പ്രകാരം ഇനം-1ആയി DSR-16(C.I-50.98%) സ്പെസിഫിക്കേഷൻ 4.7.3 A ആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 316/17-18 പേജ് നമ്പർ 4 പ്രകാരം WBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയുംവിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| അനുവദിച്ചത് - 64.35$m^3$ @4061.90/$m^3$<br>(എം.ബുക്ക് പേജ് നം 23) | = | 261383.27/-രൂപ |
| അനുവദിക്കാവുന്നത് - 64.35$m^3$ @3277.47/m3 | = | 210909.19/-രൂപ |
| അധികം അനുവദിച്ചത് | = | 50474.08/-രൂപ |

**3.**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ– | : | 35/17-18 |
| പേര് | : | കുറ്റയാണി എൽ.പി.എസ് പട്ടാഴി റോഡ് റീടാറിംഗ് |
| അടങ്കൽ | : | 725000/- |
| ചെലവ് | : | 721568/- |
| ബിൽ നമ്പർ | : | 35/17-18 തീയതി 14.07.2017 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| എം.ബുക്ക് നമ്പർ | : | 57/16-17 |
| T.S നമ്പർ | : | 6131/16-17 |

എസ്റ്റിമേറ്റിൽ എക്സ്ട്രാഇനമായി-1 ആയി DSR-16(C.I-46.67) സ്പെസിഫിക്കേഷൻ 4.7.3 A ആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 57/16-17 പേജ് നമ്പർ 3 പ്രകാരംWBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| അനുവദിച്ചത് - 34.875 $m^3$@3704.612/$m^3$<br>(എം. ബുക്ക് പേജ് നം 29) | = | 129198.34/-രൂപ |
| അനുവദിക്കാവുന്നത് - 34.875$m^3$ @3205.25/$m^3$ | | = 111783.09/-രൂപ |
| അധികം അനുവദിച്ചത് | = | 17415.25/-രൂപ |

**4.**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 39/17-18 |
| പേര് | : | വൈപ്രത്തല കല്ലീയൂർക്കോണം<br>റോഡ് സെക്കന്റ് മെറ്റലിംങ്ങ്, ടാറിംഗ് |
| അടങ്കൽ | : | 725000/- |
| ചെലവ് | : | 642869/- |
| ബിൽ നമ്പർ | : | 39/17-18 തീയതി 23.03.2018 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| എം.ബുക്ക് നമ്പർ | : | 111/17-18 |
| T.S നമ്പർ | : | 7284/16-17 |

എസ്റ്റിമേറ്റ് ഇനം-1ആയി DSR-16 (C.I-46.67) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 111/17-18 പേജ് നമ്പർ 4 പ്രകാരം WBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| അനുവദിച്ചത് - 60.744 $m^3$@3427.968/$m^3$<br>(എം. ബുക്ക് പേജ് നം 23) | = 208228.49/-രൂപ |
| അനുവദിക്കാവുന്നത് - 60.744$m^3$ @3205.25/$m^3$ | = 194699.71/-രൂപ |
| അധികം അനുവദിച്ചത് | = 13528.78/-രൂപ |

**5.**

| | | |
|---|---|---|
| പ്രോജക്ട് നമ്പർ– | : | 182/17-18 |
| പേര് | : | മേലേവിള റോഡ് രണ്ടാം മെറ്റലിംങ്ങ്, റീടാറിംഗ് |

| | | |
|---|---|---|
| അടങ്കൽ | : | 570000/- |
| ചെലവ് | : | 545042/- |
| ബിൽ നമ്പർ /തീയതി | : | 182/18തീയതി 22.03.2018 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് (റോഡ്) |
| എം.ബുക്ക് നമ്പർ | : | 370/17-18 |
| T.S നമ്പർ | : | 16455/17-18 |

എസ്റ്റിമേറ്റ് ഇനം-2ആയി DSR-16(C.I-50.98%) സ്പെസിഫിക്കേഷൻ 4.7.3 Aആയി Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കുകയും എം.ബുക്ക് നമ്പർ 370/17-18 പേജ് നമ്പർ 4 പ്രകാരംWBM സ്പെസിഫിക്കേഷൻ ഉപയോഗിച്ചാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് രേഖപ്പെടുത്തുകയും നിരക്ക് താഴെ പറയും വിധംഅനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| അനുവദിച്ചത് - 53.11 $m^3$@4061.90/$m^3$ (എം. ബുക്ക് പേജ് നം 24) | = | 215727.51/-രൂപ |
| അനുവദിക്കാവുന്നത് - 53.11$m^3$ @3277.47/$m^3$ | = | 174066.43/-രൂപ |
| അധികം അനുവദിച്ചത് | = | 41661.08/-രൂപ |

രണ്ടിനങ്ങളുടെയും detailed data സഹിതം അപാകം വിശദീകരിക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിലവിൽ ഒന്നാം മെറ്റൽ ലെയർ WBM base course നൽകിയ റോഡിന്റെ ഒരു മെറ്റൽ ലെയർ മാത്രം ഉള്ള ഭാഗത്ത് രണ്ടാം മെറ്റലിങ്ങ് ചെയ്യുന്നതിനു വേണ്ടിയാണ് WBM ഉപയോഗിച്ചതെന്ന് മറുപടി നൽകി. എന്നാൽ ചീഫ് എൻജിനീയർ (LSGD)യുടെ 10.8.16ലെ DB3/6512/2013/CE/LSGD നമ്പർ സർക്കുലർ ഖ.5 പ്രകാരം ആദ്യ ലെയർ WBM ചെയ്താലും രണ്ടാം ലെയർ WMM ചെയ്യാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ Water bound macadam സബ് ബേസ്/ബേസ് കോഴ്സ് ഉപയോഗിച്ചത് അധികച്ചെലവായി വിലയിരുത്തുന്നു. ആകെ അധികം ചെലവായ തുക 1,48,833/-രൂപ നിരാകരിക്കുന്നു.

## 3-5 ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ലോക്ക് പേവ്മെന്റ് -പ്രവൃത്തിയിൽ അധികച്ചെലവ്, ബേം കോൺക്രീറ്റ് ചെയ്തിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 145/17-18 |
| പേര് | : | സി.എസ് ഐ കണിയാംവിളാകം റോഡ് മെയിന്റനൻസ് |
| അടങ്കൽ | : | 8,50,000/- |
| ചെലവ് | : | 7,97,138/- |

| | | |
|---|---|---|
| ബിൽ നമ്പർ | : | 58/12.3.18 |
| ഫണ്ട് | : | മെയിന്റനൻസ് ഫണ്ട് റോഡ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : | വികസനകാര്യം |
| എം.ബുക്ക് നമ്പർ | : | 311/17-18 |
| TS NO: | : | 16424/2017-18 |

**1**. പ്രസ്തുത പ്രവൃത്തിയുടെ ഇനം 1.6 ആയി (Mord സ്പെസിഫിക്കേഷൻ 6.7.1 പ്രകാരം) interlocking concrete block pavement (having thickness 80 mm) എന്ന പ്രവൃത്തി താഴെ പറയും വിധം ചെയ്തിട്ടുണ്ട്.

| | |
|---|---|
| എം.ബുക്ക് പേജ് 30 പ്രകാരം അളവ് | = 90.85$m^2$ |
| എം.ബുക്ക് പേജ് 48 പ്രകാരം എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തി നൽകിയ നിരക്ക്, തുക (90$m^2$ @ 893.21) | =80,388.90/- |

എന്നാൽ ഇനം 2.1, 2.2, 2.3 എന്നിവയിലായി പ്രസ്തുത 30 മീ നീളം ഉൾപ്പെടെയുള്ള 171m അളവിന് താഴെ പറയും വിധം berm concrete ചെയ്ത് തുക നൽകിയതായി കാണുന്നു.

| | |
|---|---|
| 1) ഇനം 2.1 പ്രകാരം (3.5.1) Excavation in cutting soil (എം ബുക്ക് പേജ് 50) (34.2$m^3$@263.25) | = 9003.15/- |
| 2) ഇനം 2.2 പ്രകാരം (od96461) providing concrete for plain concrete. nominal mix 1:3:6 (എം ബുക്ക് പേജ് 50) (17.1$m^3$@6300) | =107730.00/- |
| 3) ഇനം 2.3 (od96469) പ്രകാരം providing concrete for plainconcrete. nominal mix 1:2:4 (എം ബുക്ക് പേജ് 53) (8.55$m^3$@7621) | = 65159.55/- |

എന്നാൽ Mord സ്പെസിഫിക്കേഷൻ 6.7.1 പ്രകാരമുള്ള detailed data അനുസരിച്ച് mord SOR code M-381ആയി Edge block 60m X 2എന്ന ഇനം ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇന്റർ ലോക്ക് ചെയ്ത 30m നീളത്തിന് berm concrete ചെയ്യേണ്ടതില്ല.

അപാകം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 35 ന് ഇന്റർ ലോക്കിന്റെ ഏരിയയിൽ തന്നെയാണ് edge block ചെയ്തിട്ടുള്ളതെന്നും അധികമായി ബേം കോൺക്രീറ്റ് ചെയ്തിട്ടില്ലെന്നും മറുപടി നല്കി. എന്നാൽ ബേം കോൺക്രീറ്റിനു പകരം എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രസ്തുത റോഡിന്റെ തുടർച്ചയായി കോൺക്രീറ്റ് ചെയ്തിട്ടുള്ള റോഡിന്റെ ഭാഗം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളതാണെന്ന മറുപടിയും ലഭ്യമാക്കിയിട്ടുണ്ട് ആവശ്യം വിലയിരുത്താതെ എസ്റ്റിമേറ്റിൽ പ്രസ്തുത ഇനം ഉൾപ്പെടുത്തിയതിനാൽ താഴെ പറയും വിധം അധികച്ചെലവ് വന്നിട്ടുണ്ട്.

*ഇന്റർ ലോക്ക് ചെയ്ത 30m നീളത്തിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ berm concrete ഒഴിവാക്കിയിരുന്നെങ്കിൽ അനുവദനീയമായ അളവുകളും തുകയും*

*1) ഇനം 2.1 പ്രകാരം Excavation in cutting soil.*

2x141x.50x.20 = 28.2m3@263.25 = 7423.65

*2) ഇനം 2.2 പ്രകാരം providing concrete for plainconcrete..
nominal mix 1:3:6*

2x141x.50x.10 = 14.1@6879.03 = 96994.32

*3) ഇനം 2.3 പ്രകാരം providing concrete for plainconcrete..nominal mix 1:2:4*

2x141x.50x.0 5 = 7.05@8284.07 = 58402.69

ആകെ **= 162820.66**

എന്നാൽ എം ബുക്ക് പേജ് 50 മുതൽ 53 വരെയുള്ള രേഖപ്പെടുത്തൽ പ്രകാരം നൽകിയ തുക = 181892.7

അധികം നൽകിയ തുക = 19072.04

ആവശ്യം വിലയിരുത്താതെ എസ്റ്റിമേറ്റിൽ പ്രസ്തുത ഇനം ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ് വന്ന 19,072/- രൂപ നിരാകരിക്കുന്നു.

2.എസ്റ്റിമേറ്റിൽ അംഗീകാരം ലഭിച്ചതിൽ നിന്നും വ്യത്യസ്തമായ അളവിൽ എം ബുക്കിൽ നൽകി. സ്ഥല പരിശോധനയിൽ പ്രസ്തുത റോഡിൽ പ്രവൃത്തി ചെയ്തിട്ടില്ല.

എസ്റ്റിമേറ്റ് ഇനം 2.1, 2.2, 2.3 എന്നിവയിലായി ഇന്റർലോക്ക് 30 മീ നീളം ഉൾപ്പെടെയുള്ള 171m അളവിന് താഴെ പറയും വിധം berm concrete ന് അളവും തുകയും അംഗീകരിച്ചിട്ടുണ്ട്.

1) ഇനം 2.1 പ്രകാരം Excavation in cutting soil..

2x171x.50x.20 = $34.20m^3$@263.25
= 9003.15

2) ഇനം 2.2 പ്രകാരം providing concrete for plainconcrete.. nominal mix 1:3:6

2x171x.50x.10 = 17.10@6879.03
= 117631.41

3) ഇനം 2.3 പ്രകാരം providing concrete for plainconcrete..nominal mix 1:2:4

2x171x.50x.0 5 = 8.55@8284.07
= 70828.80

എന്നാൽഎം ബുക്ക് പേജ് 31 മുതൽ 36 വരെയുള്ള അളവ് ഭാഗത്ത് വീതിയിലും നീളത്തിലും വൻ വ്യത്യാസം താഴെ പറയും വിധം വന്നിട്ടുണ്ട്.

**1) ഇനം 2.1**

1x20x2.85x.20 = 11.4

1x14.5x2.85x.20 = 8.265

1x20x2.9x.20 = 11.60

1x6.50x2.9x.20 = 3.77

| | | |
|---|---|---|
| ആകെ | = | 35.035m$^3$ |
| **2)** ഇനം **2.2** | | |
| 1x20x2.85x.10 | = | 5.7 |
| 1x14.5x2.85x.10 | = | 4.13 |
| 1x20x2.9x.10 | = | 5.8 |
| 1x6.50x2.9x.10 | = | 1.885 |
| ആകെ | = | 17.515m$^3$ |
| **3)** ഇനം **2.3** | | |
| 1x20x2.85x.05 | = | 2.85 |
| 1x14.5x2.85x.05 | = | 2.07 |
| 1x20x2.9x.05 | = | 2.90 |
| 1x6.50x2.9x.05 | = | 0.94 |
| ആകെ | = | 8.76m$^3$ |

ഇപ്രകാരം berm concrete ചെയ്യുന്നതിനായി അംഗീകരിക്കപ്പെട്ട .50m എന്ന വീതി അളവ് 2.85,2.9 എന്നീ അളവുകളിലേക്ക് വർദ്ധിപ്പിക്കുന്നതിനും നീളം 61m എന്ന അളവിലേക്ക് കുറച്ചതിനും കാരണം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 35 ന് പരിമിതമായ സമയം കൊണ്ട് ശരിയായ സൈറ്റ് പരിശോധന നടത്താൻ കഴിയാത്തതിനാലാണ് ബേം കോൺക്രീറ്റ് ചെയ്യുന്നതിന് വീതി ഇല്ലാത്ത റോഡിന് ബേം കോൺക്രീറ്റ് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിപ്പോയത് എന്നും ബേം കോൺക്രീറ്റിന് സ്ഥലം ലഭ്യമാകാഞ്ഞതിനാൽ എസ്റ്റിമേറ്റിൽ പ്രൊപ്പോസ് ചെയ്ത റോഡിന്റെ തുടർച്ചയായി കോൺക്രീറ്റ്ചെയ്യുന്നതിന് തീരുമാനിച്ച് ചെയ്യുകയാണുണ്ടായതെന്നും മറുപടി നൽകി.

സ്ഥലപരിശോധനയിൽ പ്രസ്തുത റോഡിന് വീതി കുറവായതിനാൽ ബേം കോൺക്രീറ്റിന് സ്ഥലം ഇല്ലാത്തതും ടി പ്രവൃത്തി ചെയ്തിട്ടില്ലാത്തതുമാണ് എന്നു കണ്ടു.

പ്രസ്തുത റോഡിന്റെ തുടർച്ചയായി കോൺക്രീറ്റ് ചെയ്തിട്ടുള്ള റോഡിന്റെ ഭാഗം ഈ പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുള്ളതാണെന്നും അസി.എഞ്ചിനീയർ അറിയിച്ചു. പദ്ധതിയുടെപ്രധാന അപാകങ്ങൾ താഴെ പറയുന്നു.

**1)** ശരിയായ രീതിയിൽ സൈറ്റ് പരിശോധന നടത്താതെയാണ് പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടിയത്**.** ടാറിംഗ് ചെയ്യുന്നതിനു മാത്രം വീതിയുള്ള റോഡിൽ ബേം കോൺക്രീറ്റ് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയത് പിഴവാണ്**.** അതിനാലാണ് എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത രീതിയിൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാതിരുന്നത്**.**

2)സൈറ്റിൽ പ്രവൃത്തി തുടങ്ങിയതിനു ശേഷം എസ്റ്റിമേറ്റിൽ വിഭാവനം ചെയ്ത രീതിയിൽ നിന്നും മാറ്റം വരുത്തി പ്രവൃത്തി പൂർത്തിയാക്കിയത് റിവൈസ്ഡ് എസ്റ്റിമേറ്റിന്റയോ ഭരണസമിതി തീരുമാനത്തിന്റേയോ അംഗീകാരത്തിന്റേയോ അടിസ്ഥാനത്തിലല്ല.

ഇപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന്റയോ ഭരണസമിതി തീരുമാനത്തിന്റേയോ അംഗീകാരത്തിന്റേയോ അടിസ്ഥാനത്തിലല്ലാതെ പ്രവൃത്തിയിൽ മാറ്റം വരുത്തി പൂർത്തിയാക്കിയത് അംഗീകരിക്കുവാൻ കഴിയില്ല. എസ്റ്റിമേറ്റ് അംഗീകരിച്ച ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. മേൽ രേഖകളുടെ അഭാവത്തിൽ ആവശ്യം വിലയിരുത്താതെ എസ്റ്റിമേറ്റിൽ ഇന്റർലോക്കിന് ബേം കോൺക്രീറ്റ് ഉൾപ്പെടുത്തിയതിനാൽ ഈ ഇനത്തിലെ (ഇനം 2.1,2.3,2.3) ആകെ ചെലവായ 181892.7ൽ അധികച്ചെലവ് വന്ന 19,072/- രൂപ നിരാകരിച്ചത് കഴിച്ച് ബാക്കി ടി ഇനത്തിൽ തുക 16,2821/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 റോഡ് പ്രവൃത്തിയിൽ കുഴിച്ചെടുത്ത മണ്ണ് എം ബാങ്ക് മെന്റിന് ഉപയോഗിക്കാത്തതു മൂലം അധികച്ചെലവ്- 8060/- രൂപ നിരാകരിക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ കുഴിച്ചെടുത്ത മണ്ണ് എം ബാങ്ക് മെന്റിന് ഉപയോഗിക്കാത്തതു മൂലം അധികച്ചെലവു വന്നിട്ടുണ്ട്.

വിശദാംശങ്ങൾ താഴെ

| | |
|---|---|
| പ്രോജക്ട് നമ്പർ | : 52/17-18(SO) |
| പേര് | : പെരുംകുർ പിരിയത്തുമൂല കല്ലച്ചിറ റോഡ് മെയിന്റനൻസ് |
| അടങ്കൽ | : 729530/- |
| ചെലവ് | : 611098/- |
| ബിൽ നമ്പർ | : 75/17-18 തീയതി. 31.03.18 |
| ഫണ്ട് | : മെയിന്റനൻസ് ഫണ്ട് റോഡ് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : വികസനകാര്യം |
| എം.ബുക്ക് നമ്പർ | : 379/17-18 |
| TS NO: | : 90315/2016-17 |
| ഓഡിറ്റ്എൻക്വയറി | : 18 |

പ്രസ്തുത പ്രവൃത്തിയുടെ side berm concrete ഇനം 1 പ്രകാരം earth work excavation എന്ന പ്രവൃത്തിയിലൂടെ 23.624$m^3$ മണ്ണ് കുഴിച്ചെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട് (എം.ബുക്ക് പേജ്നമ്പർ 26). എന്നാൽ first metalling ഇനം 1 പ്രകാരം എം ബാങ്ക്മെന്റ് നിർമ്മാണം നടത്തിയപ്പോൾ (എം.ബുക്ക് പേജ് നമ്പർ 2) side berm concrete ഇനം 1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല.

<u>അനുവദനീയമായ നിരക്ക് ചുവടെ ചേർക്കുന്നു.</u>

| | |
|---|---|
| കുഴിച്ചെടുത്ത മണ്ണ് (എം.ബുക്ക് പേജ് നം 26) | =23.624 $m^3$ |
| Embankment നു ഉപയോഗിച്ച മണ്ണ് (എം.ബുക്ക് പേജ് നം 2) | =34.8$m^3$ |
| കുഴിച്ചെടുത്ത 23.624 $m^3$ മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ embankment നു നൽകേണ്ടിയിരുന്ന അളവ് 34.8$m^3$ - 23.624 $m^3$ | =11.176$m^3$ |
| MORD 3.4 പ്രകാരംകുഴിച്ചെടുത്ത 23.624 $m^3$ മണ്ണ് ഉപയോഗിച്ചിരുന്നുവെങ്കിൽ ബാക്കിയുള്ള അളവിന് embankment നു നൽകേണ്ടിയിരുന്ന നിരക്ക് 11.176$m^3$ @ 396 | =4425.696/-രൂപ (item rate) |

| | |
|---|---|
| MORD 3.3 പ്രകാരം കഴിച്ചെടുത്ത മണ്ണ് ഉപയോഗിച്ചിരുന്നവെങ്കിൽപ്രസ്തുത അളവിന് നൽകാവുന്ന നിരക്ക് 23.624 $m^3$ @ 54.84 | =1295.54/-രൂപ. |

മേൽ നിരക്ക് പ്രകാരം embankment ന ആകെ ഉപയോഗിക്കേണ്ട 34.8$m^3$മണ്ണിനു അനുവദിക്കേണ്ടിയിരുന്ന തുക.

| | | |
|---|---|---|
| 11.176$m^3$ @ 396 | = | 4425.696+ |
| 23.624 $m^3$ @ 54.84 | = | 1295.54 |
| ആകെ | = | 5721.236/-രൂപ |

| | |
|---|---|
| അനുവദിച്ച തുക 34.8@396 | = 13780.80 (എം.ബുക്ക് പേജ് നം 32) |
| അധികം നൽകിയ തുക 13780.80 – 5721.236 | = 8059.56/- രൂപ |

മേൽ അപാകം detailed data സഹിതം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് കുഴിച്ച കിട്ടിയ മണ്ണ് പ്രസ്തുത റോഡിൽ തന്നെ ഫില്ലിംഗ് ചെയ്യതായി മറുപടി നൽകി. എന്നാൽ പ്രസ്തുത ഫില്ലിംഗ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും കഴിച്ചെടുത്ത 23.624 $m^3$ മണ്ണ് എസ്റ്റിമേറ്റിൽ embankment ന നൽകേണ്ടിയിരുന്ന അളവിൽ കുറച്ചിട്ടില്ലാത്തതിനാലും മറുപടി അംഗീകരിക്കാൻ കഴിയില്ല. അധികം നൽകിയ തുക 8059.56/- രൂപ നിരാകരിക്കുന്നു

## 3-7 <u>കരാർ വ്യവസ്ഥ യിലെ സമയക്രമം പാലിച്ചില്ല- പിഴ ഈടാക്കിയിട്ടില്ല. 14166/- രൂപ ഈടാക്കേണ്ടതാണ്</u>

2017-18 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ കരാർ വ്യവസ്ഥ യിലെ സമയക്രമം പാലിക്കാത്തതിന് നിയമപ്രകാരം ഈടാക്കേണ്ടതായ പിഴ ഈടാക്കിയിട്ടില്ല. പ്രവൃത്തി കരാർ പ്രകാരം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണവും സാധൂകരിച്ചിട്ടില്ല.

| പ്രോജക്ട് നമ്പർ/ പേര് | കരാറുകാരൻ | അടങ്കൽ/ ചെലവ് | കരാർ തുക | ഫണ്ട്/ ബിൽ നമ്പർ | എഗ്രിമെന്റ് നമ്പർ & സൈറ്റ് ഏറ്റെടുത്ത തീയതി | എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി | പ്രവൃത്തി പൂർത്തി യാക്കിയ തീയതി (എം.ബുക്ക് പ്രകാരം) | ഈടാക്കേണ്ടതായ പിഴ (ആദ്യ 3മാസത്തിന് 1% വും തുടർന്നുള്ള 3 മാസത്തിന് 2%വും) |
|---|---|---|---|---|---|---|---|---|
| 182/17 (SO 49/18) മുറമേൽ അംഗൻവാടി നിർമ്മാണം | ജി.അനിൽ | 700000/- 535798/- | 577142 | മെ.ഫണ്ട് (ലോക ബാങ്ക്) 28/17, 6.01.18 29/17, 6.01.18 | 51/AE/ LSGD/ VBM/ 16-17 dt 31.03.17 | 31.05.17 (ടെണ്ടർ നോട്ടീസ് പ്രകാരം) | 11.12.17 | **11956/-** **(17314/-** രൂപയാണ് ആകെ പിഴ**.**ഇതിൽ ഒടുക്ക് വരുത്തിയ **5358/-** കുറച്ചു**)** |
| 91/17 നെയ്ത്തോട് പാലം | ജി.സുകുമാരൻ നായർ | 85000/- 73345/- | 73665 | മെ.ഫണ്ട് 31/17-18, | 30.01.17 | 30.05.17 ടെണ്ടർ നോട്ടീസ് | 29.12.17 | 2210 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| പുനരുദ്ധാരണം | | | | 12.01.18 | | പ്രകാരം) | | |

അപാകം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 19 ന് ഈടാക്കാനുള്ള തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആകെ 14,166/-രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള ഉത്തരവാദിത്തം അസി.എഞ്ചിനീയറിൽ നിക്ഷിപ്തമാണ്.

## 3-8 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല 180823/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | : SO53/18 |
| പേര് | : പഞ്ചായത്ത് ഓഫീസ് മിനി കോൺഫറൻസ് ഹാൾ രണ്ടാം ഘട്ടം |
| അടങ്കൽ | : 72,441 (വി.ഫണ്ട്)<br>1,27,559 (തനതു ഫണ്ട്)<br>2,00,000/- |
| ചെലവ് | : 72,441 (വി.ഫണ്ട്)<br>1,08,382 (തനതു ഫണ്ട്)<br>1,80,823/- |
| ബിൽ നം /തീയതി | : 53/18,14.07.2017 |
| എം.ബുക്ക് നം | : 258/16-17 |
| റ്റി.എസ്.നം | : 92621/2016-17 |
| കൺവീനർ | : വിജയകുമാരൻ നായർ |

പഞ്ചായത്ത് ഓഫീസ് മിനി കോൺഫറൻസ് ഹാൾ രണ്ടാം ഘട്ടം എന്ന മേൽ പദ്ധതി ഗുണഭോക്തൃ സമിതി മുഖാന്തിരമാണ് നടപ്പിലാക്കിയിരിക്കുന്നത്.

എന്നാൽ പദ്ധതി നടപ്പിലാക്കുന്നതിനായി സാധനങ്ങൾ വാങ്ങിയതിന്റെയോ തൊഴിലാളികളുടെ മസ്റ്റർ റോൾ മുതലായ അവശ്യ ചെലവ് രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽ തുക 1,80,823/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 പ്രോജക്ട് ഫോറത്തിൽ ആസ്തി യുണീക്ക് നമ്പർ രേഖപ്പെടുത്താതെ പ്രോജക്ടുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നു

2017-18ൽ മരാമത്ത് പ്രവൃത്തികൾ നിർവഹിക്കപ്പെട്ട പ്രോജക്ട് ഫോറത്തിൽ നിലവിലുള്ള ആസ്തിയിൽ ഉൾപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള റോഡുകൾക്ക് പ്രോജക്ട് ഫോറത്തിൽ ആസ്തി രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയ ആസ്തി യൂണീക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ അവശ്യം രേഖപ്പെടുത്തേണ്ടതായ ആസ്തി സംബന്ധിച്ച വിവരങ്ങൾ (പ്രോജക്ട് ഫോറം ഖ 32,35,36) ഉൾപ്പെടുത്താതെയാണ് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കിയിട്ടുള്ളത്.

ഉദാഹരണങ്ങൾ താഴെ

| പ്രോജക്ട് നമ്പർ | റോഡിന്റെ പേര് | നീളം |
|---|---|---|
| SO 192/18 | താഴേക്കര റോഡ് | 800 m |
| SO 182/18 | മേലേവിള റോഡ് | 400 m |
| SO 145/18 | സി.എസ് ഐ കണിയാം വിളാകം റോഡ് | 8 km |

| | | |
|---|---|---|
| SO 185/18 | ബാലൻ വിള റോഡ് | 800 m |
| SO 195/18 | മൂഴിനട കൊല്ലം വിളാകം വാഴാട്ട് റോഡ് | 1km |
| 103/17 | ഇടുക്കും തല നെട്ടയത്തു വിള റോഡ് | 2km |
| 89/17 | വയലിക്കട കാരം കോഡ് റോഡ് | 2km |
| 99/17 | കുറ്റിയാണി LPS പട്ടാഴി റോഡ് | 3.5 km |

പ്രസ്തുത റോഡുകളുടെ ആസ്തി യുണീക്ക് നമ്പർ വിവരങ്ങൾഉൾപ്പെടുത്താത്തതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രസ്തുത റോഡുകളുടെ ആസ്തി നമ്പർ ലഭ്യമാക്കിയെങ്കിലും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നു മറുപടി നൽകി. ഫലത്തിൽ നിലവിലുള്ളതും മരാമത്ത് പ്രവൃത്തികൾ അംഗീകാരം നേടി നടപ്പാക്കുന്നതുമായ റോഡ്/ റോഡിതര ആസ്തികൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതാണെന്ന ഉറപ്പ് വരുത്താതെയും പ്രോജക്ട് ഫോറത്തിലോ ആസ്തി രജിസ്റ്ററിലോ രേഖപ്പെടുത്താതെയുമാണ് പ്രവൃത്തി പൂർത്തിയാക്കുന്നത്. ജി.ഒ എം എസ് 72/2017- പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗരേഖ ഖ.13.6 മരാമത്തു പ്രവൃത്തികൾ നടത്തുമ്പോൾ റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണ സമിതി തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. നിലവിലുള്ള ആസ്തികൾ എല്ലാം തന്നെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മരാമത്ത് പ്രവൃത്തികൾ അംഗീകാരത്തിന് നൽകുമ്പോൾ അവശ്യം രേഖപ്പെടുത്തേണ്ടതായ ആസ്തി സംബന്ധിച്ച വിവരങ്ങൾ (പ്രോജക്ട് ഫോറം ഖ 32,35,36) ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കേണ്ടതും പഞ്ചായത്തിന്റെ ആസ്തികൾക്കു വേണ്ടി ത്തന്നെയാണ് ഫണ്ട് ചെലവാക്കുന്നതെന്ന് ധനകാര്യ, വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതുമാണ്.

## **3-10** മുട്ടക്കോഴി വിതരണം - തുക ചെലവഴിച്ചതിന്റെയും പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയും രേഖകൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | :SO170/18 |
| പേര് | : മുട്ടക്കോഴി വിതരണം |
| അടങ്കൽ | :10,00,000/- (5,00,000/- വികസന ഫണ്ട്, 5,00,000/- ഗുണഭോക്തൃവിഹിതം) |
| ചെലവ് | :9,83,000/- (4,91,500/-വികസനഫണ്ട് (പൊതുവിഭാഗം) 4,91,500/- ഗുണഭോക്തൃവിഹിതം) |
| ബിൽ നം.\തീയതി | :7/PP7/17-18 തീയതി 8.2.2018 – 4,65,500/- 15/PP15/17-18 തീയതി 24.3.2018 – 26,000/- |
| ചെക്ക് നം\തീയതി (പഞ്ചായത്തിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം) | :(1) 28,26,593/- തീയതി 31.1.2018 – 4,65,500/- (2) 2,63,110/- തീയതി 22.3.18 – 26,000/- (ചെക്ക് തുക 58000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്ററിനറി സർജൻ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : വികസന കാര്യം |

1000 വനിതകൾക്ക് 40 ദിവസം പ്രായമുള്ള പത്തുവീതം മുട്ടക്കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനായി

നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രസ്തുത പദ്ധതിയിൽ മുട്ടക്കോഴി വിതരണത്തിനായി അമ്പാടി എഗ്ഗർ നഴ്സറി (നരിക്കൽ, വെമ്പായം), സ്റ്റാർ എഗ്ഗർ നഴ്സറി (ജൂബിലി നഗർ, വട്ടപ്പാറ) എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് മുട്ടക്കോഴികുഞ്ഞുങ്ങളെ വാങ്ങിയിട്ടുള്ളത്. എന്നാൽ ആകെ പത്ത് ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ച പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് പ്രസ്തുത സ്ഥാപനങ്ങളെ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം, തദ്ദേശസ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള 8.11.2010-ലെ ജി.ഒ(പി)29/10 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നിവ വ്യക്തമല്ല. (ഓഡിറ്റ് എൻക്വയറി 44 ന്റെ മറുപടി ലഭ്യമായിട്ടില്ല).

2. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും വെറ്ററിനറി സർജൻ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായുള്ള കമ്മറ്റി തീരുമാന പ്രകാരമാണ് മുട്ടക്കോഴി കുഞ്ഞുങ്ങളെ വാങ്ങേണ്ടതെന്നും ആയത് പ്രൊക്വയർമെന്റ് കമ്മറ്റി അംഗീകാരം നൽകേണ്ടതാണെന്നും മുട്ടക്കോഴിയുടെ ഗുണനിലവാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിട്ടുണ്ട്. (ജി.ഒ.എം.എസ്.നം.80/17 തസ്വഭവ തീ.3.4,17 ഖണ്ഡിക 8.2 കുറിപ്പ് 3). എന്നാൽ ഇത്തരത്തിൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. പ്രൊക്വയർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 2017-2018 സാമ്പത്തിക വർഷത്തിൽ രണ്ട് തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. ആയതിൽ ഈ പദ്ധതി സംബന്ധിച്ച് യാതൊരു തീരുമാനവും എടുത്തിട്ടില്ല.

3. പ്രസ്തുത പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്ന് 4,91,500/- രൂപയും ഗുണഭോക്തൃ വിഹിതം ഇനത്തിൽ 4,91,500/- രൂപയും വകയിരുത്തിയിട്ടുണ്ട്. എന്നാൽ വികസനഫണ്ടിൽ നിന്ന് ബിൽ പ്രകാരം ചെലവഴിച്ച തുക വിതരണക്കാരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് പകരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ 702031400000058-ാം നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ആണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത് (പാസ്സ്ബുക്ക് ഹാജരാക്കിയിട്ടില്ല). പ്രസ്തുത തുകകൾ മുട്ടക്കോഴി വിതരണം ചെയ്ത സ്ഥാപനത്തിന് നൽകിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. രണ്ട് ഫാമുകളിൽ നിന്ന് 9,31,000/- രൂപയ്ക്ക് മുട്ടക്കോഴി വാങ്ങിയതിനുള്ള തുകയുടെ കൈപ്പറ്റ് രസീത് മാത്രമാണ് ഫയലിൽ ലഭ്യമായിട്ടുള്ളത്. (7,71,000/-രൂപ (ശ്രീ.ശ്രീധരൻപിള്ള.പി.കെ, അമ്പാടി എഗ്ഗർ നഴ്സറി) + 1,60,000/- (ശ്രീ. കെ വിജയകുമാർ, സ്റ്റാർ എഗ്ഗർ നഴ്സറി), ബാക്കിയുള്ള 52,000/- രൂപയ്ക്ക് മുട്ടക്കോഴി വാങ്ങിയതിന്റെ രേഖകളൊന്നും ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. പ്രസ്തുത പദ്ധതിയ്ക്കായി 1623 പേർ അടങ്ങിയ ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ വാങ്ങിയ മുട്ടക്കോഴി വിതരണം ചെയ്തതിന്റെയും പ്രസ്തുത പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റി എന്നതിന്റെ രേഖകൾ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. മാത്രമല്ല മൃഗസംരക്ഷണം ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് മുട്ടക്കോഴി വിതരണം മോണിറ്റർ ചെയ്തതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

പ്രസ്തുത പദ്ധതിയുടെ ചെലവ് സംബന്ധിച്ച് അവശ്യ വിവരങ്ങൾ ലഭ്യമാക്കാത്തതും പദ്ധതി നടത്തിപ്പിന് ആവശ്യമായ സാധനങ്ങൾ സമാഹരിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതും ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിശദാംശം ലഭ്യമാക്കാത്തതും ആനുകൂല്യം കൈപ്പറ്റിയവരുടെ കൈപ്പറ്റ് രസീത് ഹാജരാക്കാത്തതും പദ്ധതി ലക്ഷ്യം കൈവരിച്ചില്ലായെന്നതിന് തെളിവാണ്. പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ച

983000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - ഒരേ ഗുണഭോക്താക്കൾക്ക് 2 പ്രാവശ്യം സബ്സിഡി തുക നൽകി - 75000/- നിരാകരിക്കുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | SO158/18 |
| പേര് | : | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | : | 18,75,000/-<br>(9,37,500/- വികസന ഫണ്ട്,<br>9,37,500/- -ഗുണഭോക്തൃവിഹിതം) |
| ചെലവ് | : | 750000-വികസനഫണ്ട്(പൊതുവിഭാഗം) |
| ബിൽ നം.\ തീയതി | : | (1) 6/PP6/17-18 തീയതി 8.2.2018 Rs.3,75,000/-<br>(2) 8/PP8/17-18 തീയതി 15.3.2018 Rs.2,50,000/-<br>(3) 10/PP10/17-18തീയതി 22.3.18 Rs.1,25,000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | വെറ്ററിനറി സർജൻ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : | വികസനകാര്യം |

ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകരുടെ പശുക്കുട്ടികൾക്ക് തീറ്റ, മരുന്ന്, ഇൻഷ്വറൻസ് എന്നിവ നൽകുന്നതിനായി നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ 60 ഗുണഭോക്താക്കൾക്ക് 12500/- രൂപ വീതം തദ്ദേശസ്ഥാപനത്തിന്റെ സബ്സിഡി വിഹിതമായി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലെ അപാകത ചുവടെ ചേർക്കുന്നു.

**1.** പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി ഒരു ഗുണഭോക്താവിന് സംസ്ഥാന വിഹിതമായി 6,250/- രൂപയും തദ്ദേശസ്ഥാപനത്തിന്റെ വിഹിതമായി 6,250/- രൂപയും ഉൾപ്പെടെ 12,500/- രൂപയാണ് പരമാവധി സബ്സിഡി തുകയായി നൽകാവുന്നത്. സംസ്ഥാന വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ ആയത് കൂടി തദ്ദേശസ്ഥാപനത്തിന് നൽകാവുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 12,500/- രൂപയാണ് തദ്ദേശസ്ഥാപനത്തിന്റെ വിഹിതമായി നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയ്ക്കായി 25% സംസ്ഥാന വിഹിതം ലഭ്യമായിട്ടില്ല.

**2.** പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനന രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ളതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**3.** പദ്ധതി പ്രകാരം 99,37,500/- രൂപ ഗുണഭോക്തൃവിഹിതമായി വിഭവ സ്രോതസ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കിയതിന്റെയും ആയത് Special Live Stock Breeding Programme ഓഫീസറുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെയും രേഖകൾ ലഭ്യമല്ല.

**4.** തീരുമാനം VI/7 dt.11.8.17 പ്രകാരം 233 പേരുടെ വാർഡ് തിരിച്ചുള്ള ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബില്ലിനൊപ്പം ലഭ്യമാക്കിയ വാമനപുരം ബ്ലോക്കിലെ Special Live Stock Breeding Programme വെറ്ററിനറി സർജൻ നൽകിയ ലിസ്റ്റിന്റെ പകർപ്പ് പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം

ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കൾ പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1. നിർമ്മലജ, മലയക്കോണത്ത്
2. ലീലാകുമാരി , അഭിലാഷ് മന്ദിരം
3. ജുമൈലബീവി, സജിനാ മൻസിൽ
4. വൽസല കുമാരി, രാജേഷ് ഭവൻ
5. സോഫി.കെ.ജി, കുറ്റിയാണി
6. സിന്ധു, ചായക്കടവീട്
7. അംബുജാക്ഷി അമ്മ , ശാന്തിഗിരി

**5**. പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി ഒരു ഗുണഭോക്താവിന് പരമാവധി 12500/- രൂപയാണ് സബ്സിഡി തുകയായി നൽകാവുന്നത്. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 2 പ്രാവശ്യം സബ്സിഡി തുക ലഭിച്ചിട്ടുണ്ട്.

1. സിന്ധു, ചായക്കടവീട്
2. മാജിത, മൂലയിൽവീട്, കൊഞ്ചിറ.പി.ഒ
3. ഉഷാകുമാരി.എസ്, ലക്ഷ്മിഭവൻ, ഇടുക്കുംതല
4. നാസില, വേടൻവിളാകത്ത് വീട്, നന്നാട്ടുകാവ്
5. റംലത്തു ബീവി, അൻസി മൻസിൽ, മുറമേൽ
6. ശോഭന, വാറുവിളാകത്ത് വീട്, കണ്യൂർ

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21ന് മറുപടി ലഭിച്ചില്ല. പദ്ധതി മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് ഒരു ഗുണഭോക്താവിന് 2 പ്രാവശ്യം സബ്സിഡി തുക നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയതിനാൽ അധികമായി നൽകിയ 75,000/- രൂപ നിരാകരിക്കുന്നു.

## **3-12** പദ്ധതി നടത്തിപ്പിലും വിതരണത്തിലും അപാകത **-536494** രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | SO175/18 |
| പേര് | : | എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| അടങ്കൽ | : | 3,00,000/- (വികസനഫണ്ട് (എസ്.സി.പി)) |
| ചെലവ് | : | 2,62,800/- വികസനഫണ്ട് (എസ്.സി.പി) |
| ബിൽ നം.\തീയതി | : | 7/17-18Edn6/17-18 study table and chair for SC students തീ.28/2/18 |

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ |

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | : | SO070/18 |
| പേര് | : | എസ്.സി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ |
| അടങ്കൽ | : | 420000/- വികസനഫണ്ട് (എസ്.സി.പി)) |
| ചെലവ് | : | 273694/- വികസനഫണ്ട് (എസ്.സി.പി) |
| ബിൽ നം.\തീയതി | : | 16/17-18Edn5/17-18 Bicycle for SC students തീ.28/2/18 Rs.50000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

(1) 60 എസ്.സി വിദ്യാർത്ഥികൾക്ക് ഒരു മേശയും കസേരയും വാങ്ങി നൽകുന്നതിനായിട്ടാണ് എസ്.ഒ 175/18 പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും പ്രസ്തുത പദ്ധതി പ്രകാരം 100 മേശയും കസേരയും വാങ്ങുകയാണുണ്ടായത്. ആയതിൽ 72 എണ്ണം മാത്രമേ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ബാക്കിയുള്ള 28 എണ്ണം കന്യാകുളങ്ങര എൽ.പി.എസ്-ൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37) വ്യക്തമായ മറുപടി നൽകിയില്ല.

70 എസ്.സി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്നതിനായി നടപ്പിലാക്കിയ എസ്.ഒ.070/18-ാം നമ്പർ പദ്ധതിയിൽ 70 സൈക്കിൾ വാങ്ങിയെങ്കിലും 56 എണ്ണം മാത്രമേ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ബാക്കിയുള്ള 14 എണ്ണം ഗവ. എൽ.പി.എസ് ചീരാണിക്കരയിൽ സൂക്ഷിച്ചിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.37) മറുപടിയിൽ പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിൽ നിന്ന് മുൻപ് ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തോടെയുള്ള ലിസ്റ്റ് ലഭിക്കാത്തതിനാലാണ് 14 സൈക്കിൾ വിതരണം ചെയ്യാൻ കഴിയാത്തതെന്ന് അറിയിച്ചിട്ടുണ്ട്.

(2) പ്രസ്തുത പദ്ധതികൾക്കായി 8.11.2010-ലെ ജി.ഒ(പി)29/10 തസ്വഭവ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. പ്രസ്തുത പദ്ധതികൾക്കായി സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ/ ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. ആയത് പഞ്ചായത്ത് ഓഫീസിൽ ഉണ്ട് എന്ന മറുപടിയാണ് നൽകിയത്.

(3) പഞ്ചായത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റി ഉണ്ടെങ്കിലും പ്രസ്തുത പദ്ധതിയ്ക്കായി വാങ്ങിയ സാധനങ്ങളുടെ വില, ഗുണമേന്മ എന്നിവ പരിശോധിച്ചതിന്റെ രേഖകൾ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. പ്രൊക്വയർമെന്റ് കമ്മിറ്റി മിനിട്ട്സ്

പരിശോധിച്ചതിൽ 2017-2018 സാമ്പത്തികവർഷത്തിൽ രണ്ട് തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. ആയതിൽ ഈ പദ്ധതികൾ സംബന്ധിച്ച് യാതൊരും തീരുമാനവും എടുത്തിട്ടില്ല

(4) പ്രസ്തുത പദ്ധതിയ്ക്കായി 3.4.2017-ലെ ജി.ഒ(M.S)80/17 ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖ.11.8.4,11.8.5 എന്നിവ പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഈ ആനുകൂല്യം ഒരിക്കൽ മാത്രമേ നൽകാവൂ എന്നും പട്ടികജാതി/ പട്ടിക വകുപ്പിൽ നിന്ന് ഇത് ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ. എന്നാൽ അത്തരത്തിലെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാകാകിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതാണെന്ന് എൻക്വയറിക്ക് മറുപടി നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

(5) ഗുണഭോക്താക്കൾ അർഹരാണോ എന്നും വാങ്ങിയ ഉപകരണങ്ങൾക്ക് ഗുണമേന്മ ഉണ്ടോ എന്നും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ചതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല.

ആവശ്യകതാ നിർണ്ണയം നടത്താതെ പദ്ധതി ആവിഷ്കരിച്ചതും യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിൽ വർക്കിംഗ് ഗ്രൂപ്പിനുണ്ടായ വീഴ്ചയാണ് പദ്ധതി നിർവ്വഹണത്തിൽ ഇത്തരത്തിൽ അപാകത ഉണ്ടാകാൻ ഇടയായത്. പഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകളിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികളിൽ ആനുകൂല്യം ലഭിച്ചിട്ടില്ലാത്തവരെ കണ്ടെത്തി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഭരണസമിതി അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതും വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാലും വാങ്ങിയ ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്യാത്തതിനാലും ചെലവ് തുകയായ 5,36,494/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-13 <u>മേൽക്കൂര നിർമ്മാണംSC-അവശ്യ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല</u>

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | SO 217/18 |
| പേര് | : | മേൽക്കൂര നിർമ്മാണം SC, |
| അടങ്കൽ | : | 2400000 |
| ചെലവ് | : | 2060000 |
| ബിൽ നമ്പർ | : | 30/17-18 തീയതി. 14.03.18 |
| ഫണ്ട് | : | വികസന ഫണ്ട് |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : | ക്ഷേമകാര്യം |
| ഓഡിറ്റ് എൻക്വയറി | : | 41 |
| നിർവഹണ ഉദ്യോഗസ്ഥൻ | : | വി.ഇ.ഒ |

മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജി.ഒ.(എം.എസ്)80/ത.സ്വ.ഭ.വ, തീയതി. 3.4.17- സബ്സിഡി മാർഗരേഖ മാനദണ്ഡങ്ങൾ പ്രകാരമുള്ള താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

*<u>അപാകങ്ങൾ താഴെ പറയുന്നു.</u>*

(1) മേൽക്കൂര നിർമ്മാണം പദ്ധതിക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവിന്റെ വീടിന്റെ നിലവിലുള്ള അവസ്ഥ വിശകലനം ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(2) തദ്ദേശസ്ഥാപന ധനസഹായത്തോടെ നിർമ്മിച്ച വീടാണെങ്കിൽ ധനസഹായം സ്വീകരിച്ച് 8വർഷം

കഴിഞ്ഞിരിക്കണം. എന്നാൽ അത്തരത്തിൽ വീടിന്റെ പഴക്കം സംബന്ധിച്ച് സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല.

(3) 100 ച.മീറ്ററിൽ അധികം വിസ്തീർണ്ണമുള്ള വീടുകൾക്ക് ആനുകൂല്യത്തിന് അർഹതയില്ല എന്നിരിക്കെ വീടുകളുടെ വിസ്തീർണ്ണം സംബന്ധിച്ച സാക്ഷ്യ പത്രമോ മറ്റ രേഖകളോ ഹാജരാക്കിയിട്ടില്ല.

(4) ഭവന പുനരുദ്ധാരണത്തിന്റെ എസ്റ്റിമേറ്റ് പ്രകാരമാണ് തുകയുടെ അനുവദനീയത സാക്ഷ്യപ്പെടുത്തി അനുവദിച്ചിട്ടുള്ളത്. മേൽക്കൂര നിർമ്മാണത്തിന് മാത്രമായിട്ടാണ് പരമാവധി 75,000/- രൂപ അനുവദിക്കാവുന്നത് എന്നിരിക്കെ ഭവന പുനരുദ്ധാരണത്തിന്റെ എർത്ത് വർക്ക്, കോൺക്രീറ്റ്, റബ്ബിൾ വർക്ക് എന്നീ ഇനങ്ങൾ കൂടി ഉൾപ്പെട്ടതും മേൽക്കൂര നിർമ്മാണത്തിന് മാത്രമായി 75,000/- രൂപ ചെലവ് വരാത്തതുമായ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമായിട്ടുണ്ട്.

*ഉദാഹരണങ്ങൾ താഴെ*

| ഗുണഭോക്താവിന്റെ പേര് | എസ്റ്റിമേറ്റ് പ്രകാരം ഭവന പുനരുദ്ധാരണത്തിന് ആകെ ചെലവ് | മേൽക്കൂരയുടെ മാത്രം ചെലവ് | നൽകിയത് | 75000 ൽ പരിമിതപ്പെടുത്തി അധികമായി നൽകിയത് |
|---|---|---|---|---|
| വൽസല | 118753 | 38040 | 75000 | 36960 |
| സുഭദ്ര | 118753 | 38040 | 75000 | 36960 |
| ശാരദ | 139790 | 66820 | 75000 | 8180 |

അപാകം വിശദീകരിക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിച്ച് ഉറപ്പ് വരുത്തിയതിനു ശേഷമാണ് ആനുകൂല്യം നൽകിയതെന്നും സാക്ഷ്യപത്രം മേലിൽ ഉൾപ്പെടുത്തുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കൾ നൽകിയ എസ്റ്റിമേറ്റിൻ പ്രകാരമുള്ള തുകയിൽ മേൽക്കൂര നവീകരണത്തിനുള്ള തുക മാത്രമാണ് നൽകിയതെന്നും മറുപടി നൽകി. എന്നാൽ മേൽ പട്ടിക പ്രകാരമുള്ള അധികമായി ചെലവായതായി പരാമർശിച്ച തുകയുടെ വിശദാംശങ്ങൾക്ക് സാധൂകരണം ലഭ്യമാക്കിയില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 3-14 ജാഗ്രത സമിതി രൂപീകരിച്ചിട്ടില്ല

3.04.2017 ലെ സ.ഉ(എം.എസ്) നം.80/2017/തസ്വഭവ 30.2 പ്രകാരം ജാഗ്രത സമിതി രൂപീകരിക്കേണ്ടതാണ്. ജാഗ്രത സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും കൗൺസിലിംഗിനും മാനസികാരോഗ്യത്തിനും സഹായകരമായ വിധത്തിൽ സ്കൂളുകളിൽ ജെൻഡർ ഡസ്ക് സ്ഥാപിക്കൽ എന്നതാണ് ജാഗ്രത സമിതി രൂപീകരിക്കൽ കൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ പഞ്ചായത്തിൽ 30,000/-രൂപ അടങ്കലിൽ തനതു ഫണ്ട് വകയിരുത്തി പ്രോജക്ട് വച്ചുവെങ്കിലും ആയതു നടപ്പിലാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.18 (a)യ്ക്കുള്ള മറുപടിയിൽ പ്രസ്തുത സമിതി രൂപീകരിക്കുന്നതിനു വേണ്ടി ഭരണസമിതിയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര പരിഗണനയും താൽപര്യവും കാണിച്ചിട്ടില്ലായെന്നു നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെയും ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

## 3-15 എസ്.സി കുട്ടികൾക്ക് ലാപ്പ്ടോപ്പ് വിതരണം -സ്ഥാപനമോധാവിയുടെ

സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

അസി.സെക്രട്ടറി നിർവഹണം നടത്തിയ എസ്.സി കുട്ടികൾക്ക് ലാപ്പ്ടോപ്പ് വിതരണം എന്ന പദ്ധതിയിൽ ലാപ്പ്ടോപ്പ് ലഭിക്കുന്ന വിദ്യാർത്ഥികൾ അവർ പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവിയിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണമെന്ന് 3.04.2017-ലെ പദ്ധതി മാർഗ്ഗരേഖ (എം.എസ്) നം 80/2017 11.8(b) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട് .

എന്നാൽ കുമാരി.അപർണ്ണ, കുമാരി.അനു (ഇരുവരും എം.ജി.കോളേജ് വിദ്യാർത്ഥികൾ) എന്നിവർ സ്ഥാപനത്തിന്റെ മേധാവിയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 11 നു മറുപടി ഹാജരാക്കിയിട്ടില്ല.

മേൽ സാക്ഷ്യപത്രം അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 3-16 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

അവിദഗ്ധമേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

പഞ്ചായത്തിലെ 21 വാർഡുകളിലായി ആകെ 353 അയൽക്കൂട്ടങ്ങളാണുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ 165 തൊഴിൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. 2150 പേർ തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ചു. 2402 കുടുംബങ്ങൾ തൊഴിൽ ഡിമാന്റ് ചെയ്തിട്ടുണ്ട്.

306 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിച്ചുവെങ്കിലും 270 എണ്ണം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളു. ലേബർ ബഡ്ജറ്റ് പ്രകാരം 1252 പദ്ധതികൾ വിഭാവനം ചെയ്തു. 80811 തൊഴിൽ ദിനങ്ങൾ മാത്രമാണ് 2017-18 കാലയളവിൽ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ശരാശരി 39 തൊഴിൽദിനങ്ങൾ. 100 ദിവസം തൊഴിൽ ലഭിച്ച 36 കുടുംബങ്ങൾ മാത്രമാണുള്ളത്.

പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിനായി 2017-18ൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം |
|---|---|
| 1 | മഴക്കുഴി നിർമ്മാണം |
| 2 | കോണ്ടൂർ ട്രഞ്ച് |
| 3 | ബണ്ട് നിർമ്മാണം |
| 4 | റീചാർജ്ജ് പിറ്റ് |
| 5 | കമ്പോസ്റ്റ് പിറ്റ് |
| 6 | ഫാം പോണ്ട് |

വരും വർഷങ്ങളിൽ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

2017-18 വാർഷിക പദ്ധതി പ്രകാരം പദ്ധതി നടത്തിപ്പിനായി ലേബർ കംപോണന്റിനത്തിൽ

2,12,22,000/- രൂപയും മെറ്റീരിയൽ കംപോണൻറിനത്തിൽ 1,54,000/-രൂപയും ചെലവഴിച്ചിരിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ നൽകുന്ന സേവനങ്ങളെ സംബന്ധിച്ചും അതിന്റെ നിബന്ധനകളെയും പരാതി പരിഹാര സംവിധാനത്തെ സംബന്ധിച്ചുമുള്ള ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

ജി.ഒ(ആർ.ടി)334/12/ത.സ്വ.ഭ.വ, തിയതി 02.02.2012 പ്രകാരം നടപ്പിലാക്കുന്ന ആകെ പ്രവൃത്തികളുടെ 10% തുക വിനിയോഗിച്ച് ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, ഒരു ഗ്രാമത്തിലെ ആവാസ കേന്ദ്രങ്ങളിലൂടെയുള്ള റോഡുകൾ എന്നിവ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ മേൽ സൂചന പ്രകാരം ആസ്തികൾ സൃഷ്ടിക്കുന്ന യാതൊരു പ്രവൃത്തിയും ഗ്രാമപഞ്ചായത്ത് നിർവ്വഹിച്ചിട്ടില്ല. ആയത് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്കും പ്രാധാന്യം നൽകി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

## 3-17 പദ്ധതി ആസൂത്രണത്തിലെ അപാകത - ഉൽപാദനപരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | : SO216/18 |
| പേര് | : ബാലസഭാ പ്രവർത്തനങ്ങൾ |
| അടങ്കൽ | : 72500/- (വികസനഫണ്ട് (പൊതുവിഭാഗം)) |
| ചെലവ് | : 72500/- വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം.\തീയതി | : 9/17-18 Edn8/17-18 Balasabha<br>തീയതി 28.3.18 – 72,500/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ് മാസ്റ്റർ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : ആരോഗ്യം വിദ്യാഭ്യാസം |

ഗ്രാമപഞ്ചായത്തിലെ Govt.LPS, Govt.UPS സ്കൂളുകളിലെ ബാലസഭാ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ വൗച്ചറുകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ Govt.LPS, Govt.UPS സ്കൂളുകളിലെ ഹെഡ് മാസ്റ്ററുകളുടെ അക്കൗണ്ടുകളിലേക്ക് തുക നൽകിയിട്ടുണ്ട്. വൗച്ചറുകൾ പ്രകാരം തുക ചെലവഴിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്കൂൾ | നൽകിയ തുക | വൗച്ചറുകൾ പ്രകാരം ചെലവഴിച്ചതിന്റെ വിവരം |
|---|---|---|---|
| 1. | Govt.LPS കന്യാകുളങ്ങര | 7684 | 1.വിവിധ വിഷയങ്ങളിൽ പ്രഭാഷണം,വിവരണക്ളാസ് – 1500/-<br>2.ലഘുഭക്ഷണം – 6184/- |
| 2. | Govt.UPS കൊഞ്ചിറ | 7250 | 1.ലഘുഭക്ഷണം – 5000/-<br>2.നാടക പരിശീലനം – 2250/- |
| 3. | Govt.LPS തേക്കട | 7000 | 1.ചിത്രപരിശീലനം, സംഗീത പരിശീലനം – 4800/-<br>2.ലഘുഭക്ഷണം – 2200/- |
| 4. | Govt.LPS പൂങ്കുംമൂട് | 7000 | 1.ലഘുഭക്ഷണം – 1168/-<br>2.കുട്ടികൾക്ക് സമ്മാനം വാങ്ങിയത് – 2482/-<br>3.മൈക്ക് സെറ്റ് – 1750/-<br>4നൃത്ത പരിശീലനം – 1600/- |

| | | | |
|---|---|---|---|
| 5. | Govt.LPSകുറ്റിയാണി | 19141 | 1.ട്രോഫി വാങ്ങിയത് – 2930/-<br>2.നൃത്ത പരിശീലനം – 7000/-<br>3.ബാനർ – 450/-<br>4.നോട്ടീസ് , മൈക്ക് സെറ്റ് – 4500/-<br>5.സയൻസ് ക്ലാസ് – 1000/-<br>6. പലവ്യഞ്ജനം – 3261/- |
| 6. | Govt.LPSനന്നാട്ടുകാവ് | 7000 | 1.ലഘുഭക്ഷണം – 7000/- |
| 7. | Govt.LPSചീരാണിക്കര | 17425 | 1.ചിത്രപരിശീലനം , നൃത്ത പരിശീലനം – 12000/-<br>2.ലഘുഭക്ഷണം – 5425/- |

പ്രസ്തുത പദ്ധതിയിൽ 38% തുക വിവിധ കലാ പരിശീലനങ്ങൾക്കും ബാക്കി തുക ഭക്ഷണത്തിനും മറ്റുമായാണ് ചെലവഴിച്ചിരിക്കുന്നത്. ബാലസഭാ പ്രവർത്തനങ്ങൾ എന്ന പദ്ധതിയിൽ ഏതെല്ലാം പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം എന്നതിൽ വ്യക്തതയില്ലാതെയാണ് പദ്ധതി നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതി കുട്ടികൾക്ക് എത്രത്തോളം പ്രയോജനപ്പെട്ടുവെന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ വിലയിരുത്താൻ കഴിഞ്ഞില്ല. പഞ്ചായത്ത് കമ്മറ്റിയുടെ നേരിട്ടുള്ള നിർദ്ദേശ പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഉൽപാദനപരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തദ്ദേശസ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുക്കാൻ പാടില്ല എന്ന നിബന്ധന നിലനിൽക്കെ ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കിയത് പദ്ധതി ആസൂത്രണത്തിലെ അപാകമായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-18 പഠനസൗഹൃദക്കൂട്ടം - പദ്ധതി നടത്തിപ്പിന്റെയും പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയും രേഖകളില്ല - 25000/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | SO100/18 |
| പേര് | : | പഠനസൗഹൃദക്കൂട്ടം |
| അടങ്കൽ | : | 50,000/- (വികസനഫണ്ട് (പൊതുവിഭാഗം)) |
| ചെലവ് | : | 25,000/- വികസനഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം.\തീയതി | : | (1) 8/17-18 Edn 7/17-18 Padansauhrithakootam തീയതി 8.2.2018 Rs.50,000/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | ഹെഡ് മാസ്റ്റർ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി | : | ആരോഗ്യം വിദ്യാഭ്യാസം |

കുട്ടികളുടെ പഠനനിലവാരം വർദ്ധിപ്പിക്കുക, കുട്ടികളിൽ സാമൂഹ്യബോധം വളർത്തുക എന്നിവ ലക്ഷ്യം വച്ച് നടപ്പിലാക്കിയ പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. ആഴ്ചയിൽ ഒരു ദിവസം വ്യത്യസ്ത നിലവാരത്തിലുള്ള കുട്ടികളെ ഇടകലർത്തി ആശയവും അറിവും പങ്കുവെയ്ക്കുവാൻ അവസരം നൽകുകയും കലാ, സാഹിത്യം, ശാസ്ത്രം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട് അറിവ് കുട്ടികൾക്ക് നൽകുന്നതിന് ക്യാമ്പുകളും സെമിനാറുകളും സംഘടിപ്പിക്കുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും "വലയിൽ കുരുങ്ങുന്ന മാനത്തുകണ്ണികൾ" എന്ന ടെലിഫിലിം നിർമ്മിക്കുന്നതിനാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്. ആയതിനായി Inframes media എന്ന സ്ഥാപനത്തിന് 25,000/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടെലിഫിലിം നിർമ്മാണം പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ 2016-17 വർഷത്തിൽ നടപ്പാക്കിയപ്പോൾ ഈ പദ്ധതിയിൽ

യാത്രാചെലവ് ഉൾപ്പെടുത്തരുതെന്ന് നിർദ്ദേശമുണ്ടായിരുന്നുവെന്നും ആയതിനാലാണ് ടെലിഫിലിം നിർമ്മിക്കാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മറ്റി തീരുമാനം ലഭ്യമാക്കിയില്ല.

2. ടെലിഫിലിം നിർമ്മാണത്തിനായി 3 സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ ലഭിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത Inframes media എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടെലിഫിലിം നിർമ്മാണവുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ആയത് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയെങ്കിലും ഹാരാക്കിയിട്ടില്ല.

3) ടെലിഫിലിം നിർമ്മാണത്തിൽ കുട്ടികളുടെ പങ്കാളിത്തം സംബന്ധിച്ചും ആയത് കുട്ടികളുടെ പഠനനിലവാരം വർദ്ധിപ്പിക്കുന്നതിന് സഹായകരമായതിന്റെയും രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുട്ടികളുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കിയതെന്ന് രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.

പദ്ധതി നടപ്പിലാക്കിയതിന്റെയും പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിലാൽ ചെലവ് തുകയായ 25000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-19 <u>പ്ലാസ്റ്റിക് മാലിന്യ ശേഖരണം പദ്ധതി ലക്ഷ്യം കണ്ടില്ല – 69150/- രൂപ നിരാകരിക്കുന്നു.</u>

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | : S00156/18 |
| പേര് | : പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് ശേഖരിക്കൽ |
| അടങ്കൽ | : 127630/- |
| ചെലവ് | : 79150/- |
| ഫണ്ട് | : വികസന ഫണ്ട് - ജനറൽ (28500/- രൂപ)<br>വികസന ഫണ്ട് - ധനകാര്യ കമ്മീഷൻ (99130/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : സെക്രട്ടറി |
| ബിൽ നം. | : 32/17-18 തീ.28.3.18 – 28500/- രൂപ<br>33/17-18 തീ.28.3.18 - 50650/- രൂപ |

പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം ലക്ഷ്യമാക്കി രൂപീകരിച്ച് നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം വാഹനം വാടകയ്ക്കെടുത്ത് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് ബ്ലോക്ക് പഞ്ചായത്തിന് റീസൈക്ലിംഗിനായി കൈമാറാനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തത്. ഇതോടൊപ്പം മാലിന്യസംസ്കരണത്തിനെപ്പറ്റി ബോധവത്കരണവും നടത്താനുദ്ദേശിച്ചിരുന്നു. പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു:

1. പദ്ധതി പരിശോധിച്ചതിൽ വാഹനം വാടകയ്ക്കെടുക്കുകയോ പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുകയോ ചെയ്തതിന്റെ യാതൊരു വിവരവും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി 20ന് നൽകിയ മറുപടിയിലും മാലിന്യശേഖരം നടത്തിയതായി പറയുന്നില്ല. ലക്ഷ്യം വച്ച പ്രധാന പ്രവൃത്തി നടപ്പാക്കാതെയാണ് പദ്ധതി പൂർത്തീകരിച്ചത്. പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിനായി തുടർപദ്ധതികളൊന്നും അടുത്ത വർഷം (18-19) രൂപീകരിച്ച് നടപ്പാക്കിയതുമില്ല.

2. പ്രോജക്റ്റ് പ്രകാരം ആകെ അടങ്കലായ 1,27,630/- രൂപയിൽ മാലിന്യ ശേഖരണത്തിനായി വാഹനം വാടകയ്ക്കെടുക്കാൻ 1,17,630/- രൂപയും നോട്ടീസ്, ബാനർ മുതലായവ അച്ചടിക്കാൻ 10,000/- രൂപയുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ പദ്ധതിയിൽ താഴെപ്പറയുന്ന ചെലവുകളാണ് ചെയ്തിരിക്കുന്നത്.

| ക്രമ നം. | തുക കൈപ്പറ്റിയ സ്ഥാപനം, വ്യക്തി | നൽകിയ തുക (രൂപ) | നടത്തിയ പ്രവൃത്തി |
|---|---|---|---|
| 1. | വിനു.വി.പി | 28500/- | 200 പേജ് ബുക്ക്, നോട്ടീസ് അച്ചടി |
| | പദ്മശ്രീ ഓഫ്സെറ്റ് പ്രസ്സ് | 5300/- | |
| 2. | എ.അഷ്റഫ്<br>തുലിക അഡ്വർടൈസിംഗ് ഏജൻസി, | 39350/- | ബോർഡുകൾ, ബാനറുകൾ അച്ചടി. |

| | | | |
|---|---|---|---|
| | കന്യാകുളങ്ങര | | |
| 3. | പ്രദീപ് കുമാർ എസ്<br>സച്ചു സൗണ്ട്സ്, കണക്കോട്, വട്ടപ്പാറ | 6000/- | മൈക്ക് അനൗൺസ്മെന്റ് |
| | ആകെ | **79150/-** | |

പദ്ധതിയിൽ പണം ചെലവഴിച്ചിരിക്കുന്നത് നോട്ടീസ്, ബാനർ മുതലായവയ്ക്ക് മാത്രമാണ്. 10000/- രൂപ മാത്രമേ ഡി.പി.സി അംഗീകരിച്ച പദ്ധതി പ്രകാരം ഇതിനായി മാറ്റിവച്ചിട്ടുള്ളൂ. എന്നാൽ 79150/- രൂപ ഈ ഇനത്തിൽ ചെലവഴിച്ചു.

3. പദ്ധതി പ്രകാരം പഞ്ചായത്ത് തെരഞ്ഞെടുത്ത 5 പേർക്ക് ശുചിത്വ മിഷൻ മുഖേന ട്രെയിനിംഗ് നൽകി പ്ലാസ്റ്റിക് മാലിന്യ ശേഖരണം ഇവരുടെ നേതൃത്വത്തിൽ നടത്താനുദ്ദേശിച്ചിരുന്നു. എന്നാൽ ഇത്തരത്തിൽ ആളുകളെ തെരഞ്ഞെടുത്തതിന്റേയോ, പരിശീലനം നൽകിയതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

4. പദ്ധതിക്കായി അച്ചടിച്ച നോട്ടീസുകളുടെ കെട്ടുകൾ വിതരണം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. ഇവ അച്ചടിക്കാൻ ചെലവഴിച്ച തുക പാഴായി.

മേൽപ്പറഞ്ഞ അപാകങ്ങൾ മൂലം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്നതു വ്യക്തമാണ്. പദ്ധതി പ്രകാരം നടത്തിയ ചെലവുകൾ പലതും പാഴ്ച്ചെലവുകളാകുകയും ചെയ്തു. നിർവഹണ ഉദ്യോഗസ്ഥന്റെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ശ്രദ്ധക്കുറവും അവരുടെ ചുമതലകളിൽ വരുത്തിയ വീഴ്ചയും മൂലമാണ് ഈ പദ്ധതി ലക്ഷ്യം കാണാതെ പോയത്. പദ്ധതിയിൽ ഉദ്ദേശിച്ചിരുന്നതിനെക്കാൾ 69,150/- രൂപ (79150 – 10000 ) അധികം പ്രചരണത്തിനും അച്ചടിക്കും ചെലവഴിച്ചു. ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുകയുടെ ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ പ്രധാന ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കാതിരിക്കുവാനും പാഴ്ച്ചെലവുകൾ ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിഹിതം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 510125 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്,യാത്രാബത്ത. | 510125 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 600000 | പാലിനു സബ്സിഡി | 600000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | ശ്മശാനത്തിനു ഭൂമി വാങ്ങൽ | 1000000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിയേറ്റീവ് കെയർ | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 10540 | ജൈവസമൃദ്ധി | 10540 | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 510125 | മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്,യാത്രാബത്ത് | 510125 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 10540 | ജൈവസമൃദ്ധി | 10540 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1000000 | പാലിനു സബ്സിഡി | 1000000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 1150000/- | - | 1150000/- |
| ഭൂജലവകുപ്പ് | കുടിവെള്ള പദ്ധതി | 24500/- | - | 24500/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം. / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് മുതൽ തിരിച്ചടവ് | സ.ഉ(സാധാ)/207/ 2010/തസ്വഭവ, 20.01.2010 | 19038000 | 5711400 | 1903800 | - | 3807600 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|---|
| 1 | 2015-16 | 2.1 | 2500 | മാനേജർ CSB തേക്കട | 117120500004/02.06.2017 |
| 2 | 2015-16 | 2.1 | 1250 | മാനേജർ NDD urban co-operative bank | 117120102383/21.07.17 |

| | | | | | |
|---|---|---|---|---|---|
| 3 | 2015-16 | | 52861 | പഠന സൗഹൃദക്കൂട്ടം | 117120102838/14.08.17 |
| 4 | 2016-17 | | 1250 | ഡോ.അലൻ | 117120104015/26.10.17 |
| 5 | 2013-14 | 3.3 | 1900 | കലാറാണി.(ജെ.എസ്) | 117120100020/01.04.17 |
| | | | 1300 | കബീർ (എഫ്.റ്റി.എസ്) | 117120102088/03.07.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഓഡിറ്റ് ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 127199842.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 23667149.00 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1836138.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 386280.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആൾ |
|---|---|---|
| 3-4 (1), (3) | 43169 | ശ്രീമതി രശ്മി. പി.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 (2), (4) , (5) | 105663 | ശ്രീമതി.ജയകുമാരി.എൽ, എ.ഇ. |
| 3-5 | 19072 | ശ്രീമതി.ജയകുമാരി.എൽ, എ.ഇ. |
| 3-6 | 8060 | ശ്രീമതി.ജയകുമാരി.എൽ, എ.ഇ. |
| 3-7 | 14166 | ശ്രീമതി.ജയകുമാരി.എൽ, എ.ഇ. |
| 3-19 | 69150 | ശ്രീ. എ. തങ്കപ്പൻ, സെക്രട്ടറി |
| 3-11 | 75000 | ഡോ.ബോബി.എസ്.മാന്വൽ, വെറ്ററിനറി സർജൻ |
| ആകെ | 334280 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 162821 | ശ്രീമതി ജയകുമാരി എൽ. അസി.എഞ്ചിനീയർ |
| 3-8 | 180823 | ശ്രീമതി ജയകുമാരി എൽ. അസി.എഞ്ചിനീയർ |
| 3-10 | 983000 | ഡോ. ബോബി.എസ്.മാന്വൽ വെറ്ററിനറി സർജൻ |

| | | |
|---|---|---|
| 3-18 | 25000 | ശ്രീ. ഷറഫുദ്ദീൻ.ഇ<br>ഹെഡ് മാസ്റ്റർ |
| 3-12 | 536494 | ശ്രീ. ഷറഫുദ്ദീൻ.ഇ<br>ഹെഡ് മാസ്റ്റർ |
| ആകെ | 1888138 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഉദ്യോഗപ്പേര് | പേര് | സ്ഥിരം മേൽവിലാസം |
|---|---|---|
| സെക്രട്ടറി | ശ്രീ. എ.തങ്കപ്പൻ | കുഞ്ഞ് വീട്, മാങ്കുഴി,<br>പാങ്ങപ്പാറ പി.ഒ |
| എക്സിക്യൂട്ടീവ് എഞ്ചിനിയർ | ശ്രീമതി ജയകുമാരി.എൽ | ശ്രീനന്ദനം,<br>അവനവഞ്ചേരി,<br>ആറ്റിങ്ങൽ |
| | ശ്രീമതി രശ്മി പി.എസ്., | വൈശാഖ്, കോങ്ങൽ(പി.ഓ.)<br>പരവൂർ , കൊല്ലം |
| വെറ്ററിനറി സർജൻ | ഡോ.ബോബി.എസ്.മാമ്പൽ | റ്റി.സി 5/2502.BNRA 190<br>ഗോൾഫ് ലിംഗ്സ് റോഡ്,<br>കവടിയാർ,<br>തിരുവനന്തപുരം |
| ഹെഡ് മാസ്റ്റർ | ശ്രീ. ഷറഫുദ്ദീൻ.ഇ | റംല മൻസിൽ<br>വാഴത്തോപ്പ് പച്ച, കല്ലറ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 0 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി6 / 947/2018 തീ. 31.05.2018 | 0 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 4 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 5 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 12 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 10 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 4 | |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 10 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 7 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 10 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 11 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 11 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 10 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി6/ 947/2018 തീ. 31.05.2018 | 7 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി6 /1843/2017/തീയതി 13.08.2017 | 28 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെമ്പായം ഗ്രാമ പഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ വെമ്പായം ഗ്രാമപഞ്ചായത്തിന്റെ **2017-18 -**ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്